വാരാദ്യ മാധ്യമം
19 ഞായർ
2020 ജനുവരി
ലക്കം 1648



4
**ചാരുത ചേർന്ന പാട്ടുകൾ**
• ശ്രുതി നമ്പൂതിരി/ സഫ്‌വാൻ റാഷിദ്
കൃത്യമായ രാഷ്ട്രീയം പറയുന്ന ആവിഷ്കാരങ്ങളിലൂടെ സംഗീതലോകത്ത് വേറിട്ട ഇടം കണ്ടെത്തുകയാണ് ഈ കലാകാരി

1921 മലബാർ സ്വാതന്ത്ര്യസമരം @100

**രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനായി 1921ൽ മലബാറിൽ നടന്ന വിപ്ലവസമരങ്ങൾക്ക് നൂറു വയസ്സ്. സമരത്തിൻെറ വിവിധ മേഖലകൾ സ്പർശിക്കുന്ന ഫീച്ചർ പരമ്പരക്ക് വാരാദ്യമാധ്യമം തുടക്കമിടുന്നു...**

# വിപ്ലവത്തിലെ പെൺതാരകങ്ങൾ



ചിത്രീകരണം: **മുജീബ്റഹ്മാൻ**

**മലബാർ സ്വാതന്ത്ര്യസമര നായകൻ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ 99ാം രക്തസാക്ഷിത്വ ദിനമാണ് ജനുവരി 21. വാരിയൻകുന്നൻെറ സമരജീവിതത്തിന് പിന്തുണയും പ്രചോദനവുമായിരുന്ന രണ്ട് പോരാളി വനിതകളെ പരിചയപ്പെടാം. അദ്ദേഹത്തിൻെറ മാതാവ് ചക്കിപ്പറമ്പൻ കുഞ്ഞായിശ ഹജ്ജുമ്മയും ഭാര്യ മാളു ഹജ്ജുമ്മയും**

**കെ.എം. ജാഫർ ഈരാറ്റുപേട്ട**

“വെള്ളക്കാരുമായി യുദ്ധം ഉണ്ടായാൽ ആരും ഭയപ്പെടരുത്. വെള്ളക്കാരൻെറ ഭരണം ഒടുക്കണം. വാരിയൻകുന്നൻ നമ്മോടൊപ്പമുണ്ട്. പൂക്കോട്ടൂരും പൂച്ചോലമാടും ചന്തക്കുന്നും നമ്മുടെ അനേകം ആളുകൾ ശഹീദായി. വാഗൺ കൂട്ടക്കൊല വെള്ളക്കാരുടെ ഭീകരതക്ക് തെളിവാണ്. അവരെ ഓടിക്കുന്നതിന് നമുക്ക്, നമ്മുടെ പങ്ക് രാജ്യത്തിനായി സമർപ്പിക്കണം. ആണുങ്ങൾ യുദ്ധത്തിന് പുറപ്പെടുമ്പോൾ നാം സ്ത്രീകളായിരിക്കണം സന്തോഷത്തോടെ സലാം പറഞ്ഞ് അവരെ യാത്രയാക്കേണ്ടത്. കൂടെ പോകാൻ കഴിവുള്ളവർ പോകണം. മറ്റുള്ള സ്ത്രീകൾ വനത്തിലും പാറക്കൂട്ടങ്ങളിലും ഒളിച്ചിരിക്കട്ടെ. കഴിയുന്നത്ര ഭക്ഷണ സാധനങ്ങൾ നാം സ്വരൂപിക്കണം. ശഹീദാകുന്ന പോരാളികളെ കല്ലുവെട്ടുകുഴിയിൽ പനമ്പും പായയും വിരിച്ച് അതിലടക്കംചെയ്യണം. ആണുങ്ങളെല്ലാം ശഹീദായിട്ടുണ്ടാകും, അല്ലെങ്കിൽ ഒളിവിലായിരിക്കും. ഒറ്റ മയ്യിത്തും ജീർണിക്കാനിടവരരുത്. അത് വെള്ളക്കാരൻെറതാണെങ്കിലും ശരി. നാംതന്നെ ആ ജോലി ധൈര്യമായി ഏറ്റെടുക്കണം. ആണുങ്ങൾക്ക് ധൈര്യം പകരേണ്ടത് നാമാണ്. ഇതെല്ലാം സുൽത്താൻ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ കൽപനയാണ്”. ഇന്ത്യൻ സ്വാതന്ത്ര്യപോരാട്ടത്തിലെ വീരേതിഹാസം, മാളു ഹജ്ജുമ്മ മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് അങ്ങാടിയിലെ ഒരു പാറപ്പുറത്ത് കയറി നടത്തിയ പ്രസംഗത്തിൽനിന്നുള്ള വാക്കുകളാണിത്.

പൂക്കോട്ടൂർ, ചേറൂർ, പൂച്ചോലമാട്, പാണ്ടിക്കാട്, വീട്ടിക്കുന്ന് തുടങ്ങി നാടിൻെറ മുക്കുമൂലകളിൽ നടന്ന ചെറുതും വലുതുമായ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ, ചെറുത്തുനിൽപുകളിൽ പൊരുതി വീരമൃത്യു വരിച്ച ആയിരക്കണക്കിന് പോരാളികളുടെ കൂട്ടക്കുഴിമാടങ്ങൾ മലബാറിൻെറ വിവിധ ഭാഗങ്ങളിൽ കാണാം. അതിൽ പലതും സ്ത്രീക്കരുത്തിൻെറയും സ്ഥൈര്യത്തിൻെറയും ബാക്കിപത്രങ്ങളുമാണ്. അവയൊന്നും പക്ഷേ, വരുംതലമുറക്ക് ഓർമപ്പെടുത്തലായി വേണ്ടവിധം സംരക്ഷിക്കപ്പെട്ടിട്ടില്ല. ഇതൊരു വീണ്ടെടുപ്പിൻെറ കാലമാണ്, ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അവിസ്മരണീയമായ സായുധ, കാർഷിക വിപ്ലവങ്ങളുടെ മുൻനിരയിലായിട്ടും തമസ്കരിക്കപ്പെട്ട ഒരുപാട് പോരാളികളുടെ, വിശേഷിച്ച് വനിത പോരാളികളുടെ പോരാട്ട ചരിത്രത്തിൻെറ വീണ്ടെടുപ്പ് കാലം. മലബാർ വിപ്ലവ സമര നായകൻ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ മാതാവ് കുഞ്ഞായിശ ഹജ്ജുമ്മയുടെയും ഭാര്യ മാളു ഹജ്ജുമ്മയുടെയും പോരാട്ടജീവിതമാണ് ഇവിടെ കുറിക്കുന്നത്.

## പോരാളികളുടെ മാതാവ്

പറവെട്ടി ഉണ്ണിമമ്മദ് ഹാജി പ്രമുഖനും വ്യാപാരിയും വിദ്യാസമ്പന്നനും മതപണ്ഡിതനുമായിരുന്നു. ഏക്കർ കണക്കിന് ഭൂമിയുണ്ടായിരുന്ന അദ്ദേഹം കൃഷിയിലും മികവ് തെളിയിച്ചു. ഉണ്ണിമമ്മദ് ഹാജിയുടെ സീമന്തപുത്രിയായിരുന്നു കുഞ്ഞായിശ ഹജ്ജുമ്മ. ബ്രിട്ടീഷുകാരുടെ കടന്നാക്രമണത്തിനെതിരെ ശക്തമായ ചെറുത്തുനിൽപ് നടത്തിയ പ്രമുഖ ദേശസ്നേഹിയും പണ്ഡിതനുമായിരുന്ന ചക്കിപ്പറമ്പൻ മൊയ്തീൻകുട്ടി ഹാജിയാണ് കുഞ്ഞായിശയെ വിവാഹം ചെയ്തത്. കൊണ്ടോട്ടിക്കടുത്ത് നെടിയിരുപ്പിൽ ചക്കിപ്പറമ്പൻ കുഞ്ഞാലൻ ഹാജിയുടെ നാലു മക്കളിൽ മൂത്തവനായി 1840ൽ ജനിച്ച മൊയ്തീൻകുട്ടി ഹാജി ധനാഢ്യനും കർഷകനും വ്യാപാരിയുമായിരുന്നു.

സുഖലോലുപതയിൽ കഴിഞ്ഞ കുഞ്ഞായിശക്ക് സ്വാതന്ത്ര്യസമര പോരാളിയായ മൊയ്തീൻകുട്ടി ഹാജിയുടെ ജീവിതസഖിയായതോടെ ദുരിതവും ആരംഭിച്ചു. അതിനിടയിലും ആ കാലത്ത് കുഞ്ഞായിശ ഭർത്താവിനോടൊത്ത് മക്കയിൽ പോയി ഹജ്ജ് ചെയ്തിട്ടുണ്ട്. കടുത്ത ബ്രിട്ടീഷ് വിരോധി ആയിരുന്ന അവർ സ്വാതന്ത്ര്യ സമരത്തിന് മറ്റുള്ളവരെ പ്രേരിപ്പിക്കുമായിരുന്നു. പട്ടാളക്കാർ അവരെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. മൊയ്തീൻകുട്ടി ഹാജിയെ അന്വേഷിച്ച് വരുന്ന വെള്ളപ്പട്ടാളം അദ്ദേഹത്തെ കിട്ടിയില്ലെങ്കിൽ ഭാര്യയെ പിടിച്ചുകൊണ്ടുപോകും. കൊടിയ മർദനവും പീഡനവും അവർ നിരന്തരം അനുഭവിച്ചു. അപ്പോഴെല്ലാം കുഞ്ഞായിശ അസാമാന്യ ധൈര്യം പ്രകടിപ്പിച്ചുപോന്നു. ഏറനാടൻ തെരുവുകളിലെ ജനമധ്യത്തിൽ പൊലീസിൻെറ അടിയും തൊഴിയും ഏൽക്കുമ്പോൾ കുഞ്ഞായിശ തൻെറ പ്രിയഭർത്താവ് മൊയ്തീൻകുട്ടി ഹാജിയുടെ വാക്കുകളോർക്കും. “കുഞ്ഞായിശാ, രാജ്യത്തിനുവേണ്ടി മരിച്ചാൽ സ്വർഗമാണ്, അതെല്ലാവർക്കും കിട്ടുന്ന സൗഭാഗ്യമല്ല.” മലബാർ വിപ്ലവ സമരങ്ങളുടെ മാതാവ് എന്ന് നിസ്സംശയം അവരെ വിശേഷിപ്പിക്കാം.

മൊയ്തീൻകുട്ടി ഹാജിയുടെയും കുഞ്ഞായിശ ഹജ്ജുമ്മയുടെയും പുത്രനായി 1866ലാണ് വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ജനിച്ചത്. ബാല്യകാലത്ത് ഉമ്മയുടെ നാടായ കണ്ണത്ത് പറവെട്ടിയിലായിരുന്നു കുഞ്ഞഹമ്മദ് കഴിഞ്ഞിരുന്നത്. ഭർത്താവിൻെറ ധീരകൃത്യങ്ങൾ കുഞ്ഞായിശ ഹജ്ജുമ്മയെ ആവേശഭരിതയാക്കി. അധിനിവേശത്തിനെതിരെ പടപൊരുതുന്നതിന് അവർ മക്കളെ നിരന്തരം പ്രേരിപ്പിച്ചു. ഉമ്മയുടെ മടിത്തട്ടിൽ കിടന്ന് ബദ്റിൻെറയും ഉഹ്ദിൻെറയും വീരേതിഹാസ കഥകൾ കേട്ട് മക്കൾ ധീരരായി വളർന്നു. സന്താനങ്ങളെ ധീരരും ദേശാഭിമാനികളുമാക്കി എങ്ങനെ വളർത്താമെന്ന് കുഞ്ഞായിശ ഹജ്ജുമ്മയെന്ന ധീരവനിത ഏറനാട്ടിലെ എല്ലാ ഉമ്മമാരേയും പഠിപ്പിച്ചു.

## കുതിരപ്പുറമേറിയ മാപ്പിളപ്പെണ്ണ്

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ അധികാരത്തിൻെറയും അഹങ്കാരത്തിൻെറയും നെറുകയിൽ പിടിച്ച് വെള്ളക്കാരൻെറ ഉറക്കംകെടുത്തിയ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിക്ക് പ്രചോദനവും പിന്തുണയുമായി വർത്തിച്ച ജീവിത പങ്കാളി, അതായിരുന്നു ഫാത്തിമ എന്ന മാളു. ബ്രിട്ടനെതിരെ കൈയിൽ ഊരിപ്പിടിച്ച വാളുമായി പടക്കളത്തിൽ ഭർത്താവിനോടൊന്നിച്ചു പോരാടിയ വീരാംഗന. എല്ലുനുറുങ്ങുന്ന മർദനങ്ങൾക്കും തടവറകളുടെ കൂരിരുട്ടിനും തകർക്കാനാവാത്ത വാരിയൻകുന്നൻെറ നിശ്ചയദാർഢ്യവും അചഞ്ചല വിപ്ലവബോധവും നേതൃപാടവവും കണ്ട് മനസ്സുകൊതിച്ച ഏറനാടൻ പെൺഹൃദയം. കുഞ്ഞഹമ്മദ് ഹാജിയുടെ അമ്മാവൻ പറവെട്ടി കോയാമു ഹാജിയുടെ മകൾ മാളു.

സോവിയറ്റ് റഷ്യ ആദരവോടെ നോക്കിക്കണ്ട വാരിയൻകുന്നനെന്ന ഏറനാടൻ പുലിയെ ഒരു നോക്കു കാണാൻ വഴിയോരങ്ങളിൽ കാത്തുനിന്നിരുന്നു അവർ. ഇടക്കെപ്പഴോ മാളുവിൻെറ ഉള്ളിൽ ആദരവിനൊപ്പം പ്രണയവും മൊട്ടിട്ടുതുടങ്ങി. എന്നാൽ, വെള്ളക്കാരനെ ആട്ടിപ്പായിക്കുന്നതുവരെ വിശ്രമമില്ലാത്ത ഏറനാടൻ സുൽത്താനെവിടെ പ്രണയിക്കാൻ സമയം! കുഞ്ഞഹമ്മദ് ഹാജിയോടുള്ള അവരുടെ പ്രണയം, അക്ഷരാർഥത്തിൽ സ്വാതന്ത്ര്യത്തോടുള്ള പ്രണയംതന്നെയായിരുന്നു. സ്ത്രീകൾക്ക് സമരത്തിൽ പങ്കെടുക്കാനുള്ള പരിമിതികൾ അവർക്ക് അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് മലബാറിലെ ഏറ്റവും ശക്തനും അപകടകാരിയുമെന്ന് ഇന്നിസ് സായിപ്പ് വിശേഷിപ്പിച്ച കുഞ്ഞഹമ്മദ് ഹാജിയെത്തന്നെ സ്വന്തമാക്കാൻ അവർ ആഗ്രഹിച്ചതും. ധൈര്യവും സാഹസികതയും നിറഞ്ഞ അവർ, ഇഷ്ടപ്പെട്ട ജീവിതപങ്കാളിയെ സ്വയം തെരഞ്ഞെടുക്കാൻ ധൈര്യപ്പെട്ടു.

ഒന്നേകാൽ നൂറ്റാണ്ട് മുമ്പാണ്. ഒരു പെണ്ണും തെരഞ്ഞെടുക്കാത്ത വഴികളിലൂടെയായിരുന്നു അവരുടെ സഞ്ചാരം. ആയുധാഭ്യാസവും കുതിരസവാരിയും പഠിക്കണമെന്ന് പിതാവിനോട് അവർ ആവശ്യപ്പെട്ടു. അക്കാലത്ത് ലഭിക്കാവുന്ന മികച്ച വിദ്യാഭ്യാസം നേടിയ അവർക്ക് ഇംഗ്ലീഷും മലയാളവും എഴുതാൻ അറിയുമായിരുന്നു. വിവാഹാലോചനകൾ നിരന്തരം വന്നെങ്കിലും അവർ ഒഴിഞ്ഞുമാറി. കുതിരയെ വാങ്ങിത്തന്നാൽ വിവാഹത്തിന് സമ്മതിക്കാമെന്ന് മാളു പിതാവിന് വാക്കുകൊടുത്തു. അങ്ങനെ മകളുടെ ശാഠ്യത്തിനു മുന്നിൽ പിടിച്ചുനിൽക്കാനാവാതെ കോയാമു ഹാജി നീലഗിരിയിൽനിന്ന് നല്ലൊരു വെള്ളക്കുതിരയെ വാങ്ങി മാളുവിന് നൽകി. കുതിരയെ പരിചരിക്കാൻ ആളെയും നിയമിച്ചു.

ഉപ്പയുടെ നിർബന്ധത്തിന് വഴങ്ങി വിവാഹിതയായെങ്കിലും ആഴ്ചകൾ മാത്രമായിരുന്നു ആ ദാമ്പത്യബന്ധം നിലനിന്നത്. പിന്നീട് പല ഉന്നതരും വിവാഹാഭ്യർഥന നടത്തിയെങ്കിലും മാളുവിൻെറ വഴി മറ്റൊന്നായിരുന്നു.

യുദ്ധം ശക്തിയാർജിച്ച കാലം, മാളു ഉറച്ച തീരുമാനത്തിലെത്തി, അവസാനത്തെ വെള്ളക്കാരനെയും ആട്ടിപ്പായിക്കുന്നതുവരെയും പൊരുതുമെന്ന്, അതിന് കുഞ്ഞഹമ്മദ് ഹാജിയോടൊപ്പം ഉറച്ചുനിൽക്കുമെന്നും. സ്വസ്ഥമായ കുടുംബജീവിതമായിരുന്നില്ല അവരുടെ സ്വപ്നങ്ങളിൽ. ഏതുനിമിഷവും വെള്ളക്കാരൻെറ വെടിയുണ്ടയിൽ തീരാവുന്ന ഒരാളെ അത്തരത്തിൽ ആരും ആഗ്രഹിക്കില്ലല്ലോ. സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരിക്കെ മാളുതന്നെ തൻെറ ആഗ്രഹം കുഞ്ഞഹമ്മദ് ഹാജിയെ അറിയിച്ചു. ആ സാഹചര്യത്തിൽ അവരുടെ അഭ്യർഥന അദ്ദേഹം തള്ളിക്കളഞ്ഞു. മാളുവിനെ, അവരുടെ 43ാം വയസ്സിൽ പിന്നീട് കുഞ്ഞഹമ്മദ് ഹാജി വിവാഹം കഴിച്ചു.

പശ്ചിമഘട്ട മലനിരകളിൽ ഒളിസങ്കേതങ്ങളൊരുക്കി ഹാജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ഒളിപ്പോരുകൾ അത്യന്തം സാഹസികമായിരുന്നു. ഈ യുദ്ധവേളകളിൽ പലപ്പോഴും മാളു ഹജ്ജുമ്മയും വനത്തിലുണ്ടായിരുന്നു. ബ്രിട്ടനെതിരെ കൈയിൽ ഊരിപ്പിടിച്ച വാളുമായി പടക്കളത്തിൽ ഭർത്താവിനോടൊന്നിച്ച് മാളു പോരാടി. വിവാഹ ശേഷം നടന്ന എല്ലാ പടയോട്ടങ്ങളിലും കുഞ്ഞഹമ്മദ് ഹാ

പേജ് 2 തുടരും >>

കേട്ടറിവിനേക്കാൾ വലുതാണ് കരിംജീരകത്തിന്റെ കരുത്ത്

ആരോഗ്യകാര്യത്തിൽ ഒരൽപം ശ്രദ്ധ കൊടുക്കുന്ന മലയാളിക്ക് കരിംജീരകം ഓയിലിന്റെ ഗുണങ്ങൾ നന്നായറിയാം. ചർമ്മ സംരക്ഷണത്തിലൂടെയും രോഗ പ്രതിരോധശേഷിയിലൂടെയും കരിംജീരകം ഓയിൽ ശരീരത്തിന് നൽകുന്ന കരുത്ത് വളരെ വലുതാണ്. ഗുണമേന്മയേറിയതും സംശുദ്ധവുമായ **സഫ കരിംജീരകം ഓയിൽ** ഉപയോഗിക്കാം ആരോഗ്യമുള്ള ശരീരത്തെ കൂടെ നിർത്താം

Safa™
www.safahoney.com

**കരിംജീരകം ഓയിലിന്റെ ഗുണങ്ങൾ**
- ശരീര ഭാരം നിയന്ത്രിക്കുന്നു
- ചർമ്മ കോശങ്ങളെ മെച്ചപ്പെടുത്തുന്നു
- കാൻസർ, ഡയബറ്റിസ് രോഗികൾക്ക് അത്യുത്തമം
- രോഗപ്രതിരോധ ശേഷി ഉയർത്തുന്നു




FOR TRADE ENQUIRY:
91 08 08 33 33
sales@safahoney.com

USDA ORGANIC · NON GMO · GLUTEN FREE · HALAL · KOSHER · cGMP

ALSO AVAILABLE ON
amazon & Flipkart

# 19/2, Mango Garden Layout, Kanakapura Road, Bangalore. INDIA

ചരിത്രം



• സൂയസ് കനാൽ

# സൂയസ് കനാൽ

## അറബ് ചരിത്രം ഗതിമാറി ഒഴുകിയ 150 വർഷങ്ങൾ

“ മധ്യേഷ്യയുടെയാകെ തലവര മാറ്റിയെഴുതിയ സൂയസ് കനാലിൻെറ നൂറ്റമ്പതാം വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയാണ് ഈജിപ്ഷ്യൻ ജനത

**ഡോ. എൻ. ഷംനാദ്**

ഈജിപ്തിൻെറയും സമീപരാജ്യങ്ങളുടെയും മാത്രമല്ല ലോക വാണിജ്യ ഭൂപടത്തിൻെറ തന്നെ തലവര മാറ്റിവരച്ച സൂയസ് കനാൽ ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ട് 150 വർഷം പിന്നിട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഈ മനുഷ്യനിർമിത ജലപാതയിലൂടെ ഉത്തര അത്‌ലാൻറിക് മേഖലയിൽനിന്ന് ഇന്ത്യൻ മഹാസമുദ്രത്തിലേക്ക് മെഡിറ്ററേനിയൻ കടൽവഴി ചെങ്കടലിലൂടെ യാത്ര സാധ്യമാകുന്നു. വാസ്കോ ഡെ ഗാമ കണ്ടെത്തിയ ആഫ്രിക്കൻ മുനമ്പ് ചുറ്റിയുള്ള ദീർഘയാത്രയെ അപേക്ഷിച്ച് ലണ്ടൻ മുതൽ ബോംബെ വരെയുള്ള സൂയസ് കനാലിലൂടെയുള്ള യാത്ര ലാഭിക്കുന്നത് പതിനായിരത്തോളം കിലോമീറ്റർ ദൂരമായിരിക്കും. മെഡിറ്ററേനിയനിലെ പോർട്ട് സെയ്ദ് മുതൽ ചെങ്കടലിലേക്ക് പ്രവേശിക്കുന്ന സൂയസ് പട്ടണത്തിലെ തൗഫീഖ് തുറമുഖം വരെയുള്ള 193 കിലോമീറ്റർ ദൂരത്ത് 24 മീറ്റർ ആഴമുള്ള ഈ കനാൽ യൂറോപ്പിൻെറ വാണിജ്യതാൽപര്യങ്ങളുടെ മാത്രമല്ല സാമ്രാജ്യത്വ പദ്ധതികളുടെ കൂടി ഭാഗമായിരുന്നു എല്ലാ കാലത്തും.

ക്രിസ്തുവിനു മുമ്പ് ഫറോവമാരുടെ കാലത്തുതന്നെ ചെങ്കടലിനെ നൈൽ നദിയോട് ബന്ധിപ്പിക്കുന്ന ചില പൗരാണിക കനാലുകൾ നിർമിക്കപ്പെട്ടിരുന്നതായി അരിസ്റ്റോട്ടിൽ, പ്ലീനി, ഹെറഡോട്ടസ് തുടങ്ങിയവരുടെ കൃതികളിൽ സൂചനകളുണ്ട്. എന്നാൽ, കാലപ്രയാണത്തിൽ ഈ കനാലുകൾ അപ്രത്യക്ഷമായി. ഫ്രഞ്ച് വിപ്ലവത്തിനുശേഷം അധികാരത്തിലെത്തിയ നെപ്പോളിയൻ ബോണപാർട്ട് 1798ൽ ഈജിപ്ത് ആക്രമിച്ച് കീഴടക്കിയത് ലോക സാമ്രാജ്യത്വ ചരിത്രത്തിലെ നിർണായക വഴിത്തിരിവായിരുന്നു. മെഡിറ്ററേനിയനിലൂടെ വരുന്ന കപ്പലുകൾക്ക് ചെങ്കടലിലേക്ക് പ്രവേശിക്കാൻ കരയിലിറങ്ങാതെ സഞ്ചരിക്കണമെങ്കിൽ ഈജിപ്തിലൂടെ ഒരു കനാൽ നിർമിച്ചാൽ മതിയാകുമെന്നും തങ്ങളുടെ താൽപര്യങ്ങൾക്ക് വൻ നേട്ടമാകുമെന്നും നെപ്പോളിയൻ കണക്കുകൂട്ടി. പുരാതനകാലത്ത് അങ്ങനെ ഒരു കനാൽ നിലനിന്നിരുന്നുവെന്നത് ആവേശവും നൽകി. എന്നാൽ, മെഡിറ്ററേനിയനെ അപേക്ഷിച്ച് ചെങ്കടലിലെ സമുദ്രനിരപ്പിന് 10 മീറ്റർ ഉയരമുണ്ടെന്ന ആദ്യ സർവേഫലം നെപ്പോളിയൻെറ സ്വപ്നം തകർത്തുകളഞ്ഞു. അങ്ങനെയാണെങ്കിൽ കനാൽ നിർമാണം ഈജിപ്തിൽ വൻ പ്രളയമായിരിക്കും സൃഷ്ടിക്കുക.

മൂന്നുവർഷത്തിനുള്ളിൽ തന്നെ നെപ്പോളിയനെയും കൂട്ടരെയും ബ്രിട്ടീഷുകാർ ഈജിപ്തിൽനിന്നും തുരത്തി. പിന്നീട് പഴയതുപോലെ ഈജിപ്ത് ഓട്ടോമാൻ തുർക്കി ഭരണത്തിന് കീഴിലായി. തങ്ങളുടെ കോളനി ഭരണം നഷ്ടപ്പെട്ടെങ്കിലും ഫ്രഞ്ചുകാർ ഈജിപ്തിലൂടെയുള്ള കനാൽ സ്വപ്നം മാത്രം ഉപേക്ഷിച്ചില്ല. ഫ്രഞ്ച് നയതന്ത്രജ്ഞനും എൻജിനീയറുമായിരുന്ന ഫെർഡിനൻറ് ദെ ലെസ്സെപ്സിൻെറ നേതൃത്വത്തിൽ 1840ൽ രണ്ടാമതൊരു സർവേ കൂടി നടത്തിയപ്പോൾ സമുദ്രനിരപ്പുകൾ തമ്മിലുള്ള അന്തരം വെറും ഒരുമീറ്റർ മാത്രമാണെന്ന് തെളിഞ്ഞു. ഇതോടെ ഈജിപ്തിലെ ഓട്ടോമൻ വൈസ്രോയി മുഹമ്മദ് സഈദ് പാഷ കനാൽ നിർമിക്കാനുള്ള അനുവാദം ഫ്രാൻസിന് നൽകി. 1859 മുതൽ പത്തുവർഷം വേണ്ടിവന്നു 75 മില്യൺ ഘനമീറ്റർ മണ്ണുനീക്കി കനാൽ നിർമിക്കാൻ. മുപ്പതിനായിരത്തോളം ഈജിപ്ഷ്യൻ കർഷകരെ അടിമപ്പണി ചെയ്യിച്ചായിരുന്നു നിർമാണം നടത്തിയത്. കനാൽ തങ്ങളുടെ താൽപര്യത്തിനെതിരാവുമെന്ന് മനസ്സിലാക്കിയ ബ്രിട്ടീഷുകാർ തൊഴിലാളികൾക്കിടയിൽ കലാപം അഴിച്ചുവിട്ടു. അവസാനം 1869 നവബർ17ന് ഇസ്മാഈൽ പാഷ ഈജിപ്ഷ്യൻ വൈസ്രോയി ആയിരുന്നപ്പോൾ കനാൽ യൂറോപ്യൻ വാണിജ്യക്കപ്പലുകൾക്കുമുന്നിൽ വാതിൽ തുറന്നു. യൂറോപ്പിലെ പ്രമുഖ രാജാക്കന്മാരും ഭരണാധികാരികളുമടക്കം 6000 അതിഥികൾ പങ്കെടുത്ത ആ ഉദ്ഘാടന മാമാങ്കത്തോടെ ആഫ്രിക്കയിലെ യൂറോപ്യൻ കോളനിവത്കരത്തിനുകൂടിയായിരുന്നു ഗതിവേഗം പ്രാപിച്ചത്.

99 വർഷത്തെ കരാറിൽ രൂപവത്കരിച്ച സൂയസ് കനാൽ കമ്പനിയിൽ 44 ശതമാനം ഓഹരി ഈജിപ്തിനായിരുന്നു. ബാക്കി ഓഹരികൾ ഫ്രാൻസിനും. എന്നാൽ, കനാൽ തുറന്ന് ആറുവർഷത്തിനുള്ളിൽ തന്നെ ഈജിപ്തിൻെറ മുഴുവൻ ഓഹരികളും രാജ്യത്തിന് നഷ്ടമായി. കടക്കെണിയും സാമ്പത്തിക പ്രതിസന്ധിയും താങ്ങാനാവാതെ വന്നപ്പോൾ ഇസ്മാഈൽ പാഷ മറ്റൊന്നും ചിന്തിക്കാതെ ഈജിപ്തിൻെറ ഓഹരികൾ മുഴുവൻ വിൽക്കാൻ തീരുമാനിച്ചു.

കനാലിനെ രൂക്ഷമായി വിമർശിച്ചിരുന്ന ബ്രിട്ടനായിരുന്നു ആ ഓഹരികൾ മുഴുവൻ വാങ്ങിയതെന്നതായിരുന്നു ചരിത്രത്തിലെ വിരോധാഭാസം. പിന്നീട് ഈജിപ്തിൻെറ ആഭ്യന്തരകാര്യങ്ങളിലെല്ലാം ഇടപെടാൻ തുടങ്ങിയ ബ്രിട്ടനും ഫ്രാൻസും രാജ്യത്തെ ഉറാബി വിപ്ലവത്തിലേക്ക് നയിച്ചു. വിപ്ലവം അടിച്ചമർത്താനായി സൈന്യത്തെ ഇറക്കിയ ബ്രിട്ടൻ 1882ൽ ഈജിപ്തിനെ തങ്ങളുടെ കോളനിയാക്കി മാറ്റി. കനാലിൽനിന്നു ലഭിക്കുന്ന വരുമാനം മുഴുവൻ ബ്രിട്ടനും ഫ്രാൻസിനും മാത്രം സ്വന്തമായിത്തീർന്നു. 1968ൽ അവസാനിക്കാനിരിക്കുന്ന സൂയസ് കനാൽ കമ്പനിയുമായുള്ള കരാർ 40 വർഷത്തേക്ക് കൂടി നീട്ടിക്കിട്ടാനുള്ള ശ്രമം 1910ൽ നടന്നു. പക്ഷേ, ഈജിപ്തിലെ ദേശീയവാദികളുടെ ശക്തമായ പ്രക്ഷോഭങ്ങളെതുടർന്ന് ആ ഗൂഢ പദ്ധതി നടപ്പായില്ല.

ഒന്നാംലോക യുദ്ധാനന്തരം 1922ൽ ഈജിപ്തിന് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടൻ നിർബന്ധിതരായെങ്കിലും സൂയസ് കനാൽ വിട്ടുപോകാൻ അവർ തയാറായില്ല. 1952ലെ പട്ടാള വിപ്ലവത്തെ തുടർന്ന് ജമാൽ അബ്ദുന്നാസിർ ഈജിപ്ഷ്യൻ പ്രസിഡൻറായതോടെ സൂയസ് കനാലിൻെറ ചരിത്രത്തിലെ പുതിയഘട്ടം ആരംഭിച്ചു. കനാലിലൂടെ കടൽ വെള്ളത്തിനൊപ്പം മനുഷ്യരക്തംകൂടി പരന്നൊഴുകിയ ഘട്ടം. നൈൽനദിയിൽ അസ്വാൻ പ്രദേശത്തൊരു ഡാം പണിയാൻ സാമ്പത്തികസഹായം വാഗ്ദാനം ചെയ്തിരുന്ന പാശ്ചാത്യ രാജ്യങ്ങൾ അവസാന നിമിഷം പിന്മാറിയതിൽ കുപിതനായ അബ്ദുന്നാസിർ 1956 ജൂലൈ 26ന് ബ്രിട്ടൻെറയും ഫ്രാൻസിൻെറയും ഉടമസ്ഥാവകാശം റദ്ദാക്കി സൂയസ് കനാൽ ദേശസാത്കരിച്ചതായി പ്രഖ്യാപിച്ചു. ഒപ്പം, ഇസ്രായേൽ കപ്പലുകൾ കനാലിലേക്ക് പ്രവേശിക്കുന്നത് തടയുകയും ചെയ്തു. നാസിറിൻെറ അപ്രതീക്ഷിത നീക്കത്തിൽ പ്രകോപിതരായ ഇസ്രായേലും ബ്രിട്ടനും ഫ്രാൻസും ചേർന്ന് ഈജിപ്തിനെ ആക്രമിക്കാൻ തുടങ്ങി.

രണ്ടാം അറബ്-ഇസ്രായേൽ യുദ്ധമെന്ന് അറിയപ്പെട്ട ഈ ‘സൂയസ് പ്രതിസന്ധി’ അവസാനിച്ചത് ഐക്യരാഷ്ട്ര സഭ ഇടപെട്ടതോടെയാണ്. ബ്രിട്ടനും ഫ്രാൻസും പിന്മാറാൻ നിർബന്ധിതരായതോടെ സൂയസ് കനാൽ വീണ്ടും ഈജിപ്തിൻെറ സ്വത്തായി മാറി. ഇസ്രായേലുമായി വീണ്ടും യുദ്ധമുണ്ടാകാതിരിക്കാനായി ഐക്യരാഷ്ട്രസഭയുടെ പ്രത്യേക സേനയെ സൂയസ് കനാൽ മേഖലയിൽ വിന്യസിക്കുകയും ചെയ്തു.1967 മേയിൽ ഇസ്രായേലുമായുള്ള സംഘർഷങ്ങൾ പാരമ്യത്തിലെത്തിയതിനെ തുടർന്ന് അബ്ദുന്നാസിർ യു.എൻ സേനയോട് സൂയസ് കനാൽ മേഖലയിൽനിന്ന് പിന്മാറാൻ ആവശ്യപ്പെടുകയും കനാലിൻെറ രണ്ടു കവാടങ്ങളും അടച്ചിടുകയും ചെയ്തു. തുടർന്ന് നടന്ന ‘ആറുദിന’ യുദ്ധത്തിൽ കനാൽ ശവപ്പറമ്പായി മാറി.

ഈജിപ്തും സഖ്യരാജ്യങ്ങളും ഇസ്രായേൽ ആക്രമണത്തിൽ തകർന്നടിഞ്ഞെങ്കിലും കനാൽ പിന്നീടുള്ള എട്ടുവർഷക്കാലം അടഞ്ഞുതന്നെ കിടന്നു. അക്കാലമത്രയും പതിനഞ്ചോളം യൂറോപ്യൻ ചരക്കുകപ്പലുകൾ കനാലിൽ കുരുങ്ങിക്കിടന്നു എന്നുകൂടി പറഞ്ഞാലേ യുദ്ധത്തിൻെറ ഭീകരത മനസ്സിലാവുകയുള്ളൂ. കനാലിൻെറ കിഴക്കേ കരയിലുള്ള ഏഷ്യൻ വൻകരയിൽ സ്ഥിതിചെയ്യുന്ന ഈജിപ്ഷ്യൻ പ്രദേശമായ സീനായ് മേഖല ഇസ്രായേൽ ആറുദിന യുദ്ധത്തിൽ പിടിച്ചെടുത്തിരുന്നു. ഈ പ്രദേശം ഈജിപ്ത് തിരിച്ചുപിടിക്കാതിരിക്കാനായി ഇസ്രായേൽ സൂയസ് കനാലിൻെറ കിഴക്കൻ തീരത്ത് 150 കിലോമീറ്റർ ദൂരത്ത് 25 മീറ്റർ ഉയരത്തിൽ ‘ബർലീഫ് ലൈൻ’ എന്ന പേരിലൊരു കൂറ്റൻ പ്രതിരോധ മതിലും മൈൻപാടവും തീർത്തു. തകർക്കാൻ കഴിയാത്തതെന്നു കരുതിയ ഈ മതിൽ 1973ലെ നാലാം അറബ്-ഇസ്രായേൽ യുദ്ധത്തിൽ ഈജിപ്ത് രണ്ടുമണിക്കൂർ കൊണ്ട് ഭേദിച്ചപ്പോൾ ഇസ്രായേൽ തോൽപിക്കാനാവാത്ത ശക്തിയാണെന്ന മിഥ്യ കൂടിയായിരുന്നു തകർക്കപ്പെട്ടത്. പിന്നീട് നടന്ന അതിരൂക്ഷമായ പോരാട്ടത്തിൽ സൂയസ് കനാൽ സഞ്ചാരയോഗ്യമല്ലാത്ത ആയുധപ്പറമ്പായി മാറി.

1979ൽ പ്രസിഡൻറ് അൻവർ സാദത്ത് ഇസ്രായേലുമായി ക്യാമ്പ് ഡേവിഡ് സമാധാന ക്കരാറിൽ ഒപ്പിട്ടതോടുകൂടിയാണ് സൂയസ് കനാൽ സമാധാനമേഖലയായി മാറുന്നത്. ശേഷം, വർഷങ്ങൾ നീണ്ട അന്താരാഷ്ട്ര ശുചീകരണ യജ്ഞത്തിലൂടെയാണ് തകർന്ന വിമാനാവശിഷ്ടങ്ങളും ആയുധങ്ങളും മനുഷ്യാവശിഷ്ടങ്ങളുമൊക്കെ നീക്കംചെയ്ത് കനാൽ ഗതാഗതയോഗ്യമാക്കിയത്.

200 മീറ്ററോളം വീതിയുണ്ടായിരുന്ന കനാലിലൂടെ ദിവസേന രണ്ടു കപ്പൽ വ്യൂഹങ്ങളാണ് ഇരുദിശയിലേക്കും കടന്നുപോയിരുന്നത്. നിലവിലെ ഈജിപ്ഷ്യൻ പ്രസിഡൻറ് അബ്ദുൽ ഫത്താഹ് അൽ സീസി 2014ൽ ബല്ലാ ബൈപാസ് എന്ന പേരിൽ 35 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു സമാന്തര കനാൽ പാതകൂടി നിർമിച്ചതോടെ മൂന്നുമണിക്കൂർ കൊണ്ട് ചരക്കുകപ്പലുകൾക്ക് കനാൽ കടക്കാൻ കഴിയുന്ന അവസ്ഥയാണിപ്പോൾ. ഒരേസമയം ഇരുവശത്തേക്കും ഗതാഗതം സുഗമമായതോടെ ദിവസേന തൊണ്ണൂറോളം കപ്പലുകൾ സൂയസ് കനാലിലൂടെ സഞ്ചരിക്കുന്നുണ്ട്. ലോക നാവിക വാണിജ്യത്തിൻെറ എട്ടുശതമാനം ഭാഗവും സൂയസ് കനാലിലൂടെയാണ് നടക്കുന്നത്. കഴിഞ്ഞ വർഷം ഒക്ടോബറിലെ കനാലിൽനിന്നുള്ള വരുമാനം 515 മില്യൺ ഡോളർ എന്ന സർവകാല റെക്കോഡിലെത്തിയിരുന്നു. 2023ൽ 13.3 ബില്യൺ ഡോളർ വാർഷിക വരുമാനമാണ് സൂയസ് കനാൽ അതോറിറ്റി ലക്ഷ്യം വെക്കുന്നത്. തകർച്ചയിലായ ഈജിപ്ഷ്യൻ സമ്പദ്ഘടനയുടെ നെടുന്തൂണാണ് ഈ കനാലിൽ നിന്നും ലഭിക്കുന്ന വരുമാനം. അതിനാൽതന്നെ തങ്ങളുടെ മാത്രമല്ല, മധ്യേഷ്യയുടെയാകെ തലവരമാറ്റിയെഴുതിയ സൂയസ് കനാലിൻെറ നൂറ്റമ്പതാം വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയാണ് ഈജിപ്ഷ്യൻ ജനത. ●



• സൂയസ് കനാൽ, യുദ്ധകാലത്ത്

കത്തുകൾ




### കേൾക്കണം കശ്മീരിനെ

വാരാദ്യ മാധ്യമം ലക്കം 1647ൽ യുവ മാധ്യമ പ്രവർത്തക സന്ന ഇർഷാദ് മാട്ടൂവുമായി ഹാനിയ സെനം നടത്തിയ അഭിമുഖം ശ്രദ്ധേയമായി. ദേശീയമാധ്യമങ്ങൾ പോലും തമസ്കരിക്കാൻ ശ്രമിച്ച കശ്മീരിൻെറ വ്യഥകൾ എല്ലാ പ്രതിബന്ധങ്ങളെയുംം മറികടന്ന് പുറം ലോകത്തെത്തിച്ച സന്നയുടെ ധീരത പ്രശംസനീയമാണ്. സംഘർഷ മേഖലകളിലെ മൗലികാവകാശ ലംഘനങ്ങൾ എത്രമാത്രം ഭയാനകമാണെന്ന് അഭിമുഖം വെളിപ്പെടുത്തന്നു. തിരൂരങ്ങാടി യതീംഖാനയിലെ അന്തേവാസിയും മൊയ്തീൻ പള്ളിയിലെ മുക്രിയുമായ മൊഹമ്മദിനെ ഇതിവൃത്തമാക്കി ജമാൽ ഫാറൂഖി എഴുതിയ സംഭവ കഥ ‘ഹാജിപ്പ’ സമകാലിക ഇന്ത്യ നേരിടുന്ന പൗരത്വ പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുന്നു. കടലാസില്ലാത്ത എത്ര മൊഹമ്മദുമാരെ ‘ഡിറ്റെൻഷൻ’ സെൻററുകളിൽ അടക്കേണ്ടിവരും? യതീംഖാന സ്ഥാപക പ്രമുഖനും മഹാ മനീഷിയും ഉദാരമതിയുമായിരുന്ന എം.കെ. ഹാജിയെന്ന ഹാജിപ്പയെയും കെ.പി. രാമൻ മാഷിനെയും വായനക്കാർക്ക് പരിചയപ്പെടുത്തിയ കഥാകാരനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.

**ടി.എ. അബ്ദുൽ മജീദ്, നെടിയനാട്, നരിക്കുനി**

### ഇനിയെങ്കിലും കേൾക്കട്ടെ

വാരാദ്യ മാധ്യമം ലക്കം 1647ലെ കശ്മീരി മാധ്യമ പ്രവർത്തക സന്ന ഇർഷാദ് മാട്ടുവിൻെറ അഭിമുഖം വായിച്ചു. കാശ്മീരികളുടെ ഇപ്പോഴത്തെ അവസ്ഥ ജനങ്ങളിലേക്ക് എത്തിക്കാൻ കശ്മീരി മാധ്യമ പ്രവർത്തകക്ക് സാധിച്ചു. ജനം ഇനിയെങ്കിലും കശ്മീരികളുടെ ശബ്ദം കേൾക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

**മിദ്‌ലാജ് സി.കെ. മണ്ണാർക്കാട്**

### കാലത്തിൻെറ ഗാനോത്സവം

ലക്കം 1646 വാരാദ്യമാധ്യമത്തിൽ വിനോദ് കൃഷ്ണൻ എഴുതിയ ‘കാലത്തിൻെറ ഗാനോത്സവം’ വായിച്ചു. 80ാം വയസ്സിലെത്തിയ യേശുദാസിനെക്കുറിച്ച് വന്ന മികച്ച ലേഖനങ്ങളിൽ ഒന്നായിരുന്നു അത്. യേശുദാസിൻെറ പ്രതാപകാലത്ത് ജീവിക്കാനായതും പാട്ടുകൾ ആസ്വദിക്കാനായതും വലിയ കാര്യമാണ്. ആറു പതിറ്റാണ്ടായി മലയാള ചലച്ചിത്ര പിന്നണി ഗാനരംഗത്ത് ഒന്നാമനായി തുടരുന്ന ഗാനഗന്ധർവന് ആശംസകൾ.

**ആർ. ദിലീപ്, ശ്രീവിഹാർ ഭവനം, മുതുകുളം**

### അക്ഷരസമരം

ലക്കം 1647ൽ പ്രസിദ്ധീകരിച്ച ജമാൽ ഫാറൂഖിയുടെ ‘ഹാജിപ്പ’ വെറും കഥയല്ല, കാലിക ഇന്ത്യയിലെ പൗരന്മാരുടെ ബേജാറുകളെ ചേർത്തുപിടിച്ച അക്ഷരസമരമാണ്. നൂറുകണക്കിന് അനാഥകളുടെ ജീവിതത്തിന് നന്മയുടെ വെളിച്ചം പകർന്നു ജീവിതത്തിലേക്ക് വഴി നടത്തിയ നേതാവിൻെറ നനുത്ത ഓർമകളിൽനിന്നാണ് ഈ കഥയുണ്ടായത്.

**മെഹബൂബ്, പത്തപ്പിരിയം**

i

### കവിത പുരസ്കാരം

ഇരിങ്ങാലക്കുട സംഗമസാഹിതിയുടെ പ്രഥമ കുറ്റിപ്പുഴ വിശ്വനാഥൻ കവിത പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. 2017 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ ആദ്യ പതിപ്പായി ഇറങ്ങിയ മലയാള കവിതാസമാഹാരങ്ങളാണ് പരിഗണിക്കുന്നത്. 10,001 രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം. പ്രായപരിധിയില്ല. മൂന്നു കോപ്പി സഹിതം ഫെബ്രുവരി 15ന് മുമ്പായി, അരുൺ ഗാന്ധിഗ്രാം, സെക്രട്ടറി, സംഗമസാഹിതി, ‘ധരിത്രി’, കോതകുളം ലെയ്ൻ, ഗാന്ധിഗ്രാം, ഇരിങ്ങാലക്കുട എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 9961525251.

**വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം**
whatsapp: **9645006105**
e-mail: **varadyam@madhyamam.in**
**പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12**

>> പേജ് 1 തുടർച്ച

# വിപ്ലവത്തിലെ പെൺതാരകങ്ങൾ

1921 മലബാർ സ്വാതന്ത്ര്യസമരം @100

*• നിലമ്പൂർ കോവിലകം സമരത്തിൻെറ മുന്നണിയിൽനിന്ന ചക്കിപ്പറമ്പൻ മൊയ്തീൻകുട്ടി ഹാജിക്കെതിരെ (കുഞ്ഞഹമ്മദ് ഹാജിയുടെ പിതാവ്) ബ്രിട്ടീഷ് പട്ടാളകോടതി വധശിക്ഷ വിധിച്ചു. തുടർന്ന് ഒളിവിൽ പോയ മൊയ്തീൻകുട്ടി ഹാജി കോട്ടയം ഈരാറ്റുപേട്ടയിൽ എത്തി. അവിടെനിന്ന് വിവാഹവും കഴിച്ചു. ഏഴ് വർഷം അവിടെ താമസിച്ച അദ്ദേഹത്തെ 1902 ൽ ബ്രിട്ടീഷുകാർ പിടികൂടി അന്തമാനിലേക്ക് നാടുകടത്തി. അന്തമാനിൽ 1907 ൽ മരിച്ചു. ഈ കുടുംബത്തിൻെറ നാലാം തലമുറയിൽപെട്ട വ്യക്തിയാണ് ചരിത്രഗവേഷകനായ ജാഫർ ഈരാറ്റുപേട്ട. മലബാർ കലാപവും ചക്കിപ്പറമ്പൻ കുടുംബവും, ചക്കിപ്പറമ്പൻ: ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽനിന്ന് ഒരേട് തുടങ്ങിയ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.*

ജിയോടൊപ്പമുണ്ടായിരുന്നു. ഹാജിയോടൊപ്പം യുദ്ധത്തിൽ പങ്കെടുത്ത് പടക്കളത്തിൽ രക്തസാക്ഷിയാകണമെന്നതായിരുന്നു അവരുടെ ആഗ്രഹം. പക്ഷേ, ആഗ്രഹം സഫലമാകും മുമ്പേ കുഞ്ഞഹമ്മദ് ഹാജി വീട്ടിക്കുന്ന് ക്യാമ്പിൽനിന്ന് പിടിക്കപ്പെട്ടു.

### “നാടുവിടാനില്ല, ഇവിടെ മരിക്കും”

വധശിക്ഷ നടപ്പാക്കുന്നതിനു മുമ്പ് മാപ്പ് എഴുതിനൽകിയാൽ മക്കയിലേക്ക് നാടുകടത്താമെന്നും അവിടെ എല്ലാവിധ സൗകര്യവും ചെയ്തു തരാമെന്നും പറഞ്ഞ ജഡ്ജി കേണൽ ഹംഫ്രിയോട് വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ഉറച്ച ശബ്ദം ഇതായിരുന്നു,

“ഞാൻ പരിശുദ്ധ മക്കയെ ഇഷ്ടപ്പെടുന്നു, എന്നുകരുതി ഞാൻ പിറന്നത് മക്കയിലല്ല, ഇവിടെ, ഇതിഹാസങ്ങൾ രചിക്കപ്പെട്ട ഏറനാടൻ മണ്ണിലാണ് ജനിച്ചത്. ഇന്ത്യയാണ് എൻെറ നാട്. ഈ നാടിൻെറ സ്വാതന്ത്ര്യമാണെൻെറ ലക്ഷ്യം. ഈ ദേശത്തെയാണ് ഞാൻ സ്നേഹിക്കുന്നത്. ഇവിടെത്തന്നെ മരിക്കുകയും ഈ മണ്ണിൽ ലയിച്ചുചേരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവനാണ് ഞാൻ”. കുഞ്ഞഹമ്മദ് ഹാജി തുടർന്നു: “മിസ്റ്റർ കേണൽ, ഞങ്ങൾ മരണവും അന്തസ്സോടെ വേണമെന്നാഗ്രഹിക്കുന്നവരാണ്. കണ്ണുകെട്ടി പിറകിൽനിന്ന് വെടിവെച്ച് കൊല്ലുകയാണ് നിങ്ങളുടെ പതിവെന്ന് കേട്ടിട്ടുണ്ട്. ഈയുള്ളവനെ അങ്ങനെ ചെയ്യരുത്. കണ്ണ് കെട്ടാതെ മുന്നിൽനിന്ന് ഈ നെഞ്ചിലേക്ക് വെടിവെക്കാനുള്ള മനസ്സ് കാണിക്കണം. എനിക്ക് ഈ മണ്ണ് കണ്ട് മരിക്കണം.” 1922 ജനുവരി 21ന് രാവിലെ 10 മണിക്ക് മലപ്പുറം കോട്ടക്കുന്നിൻെറ വടക്കേ ചരിവിൽ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെന്ന മഹായോദ്ധാവ് രാജ്യത്തിനുവേണ്ടി വെടിയുണ്ടകൾക്കുനേരെ വിരിമാറ് കാണിച്ച് ജീവൻ ബലിയർപ്പിച്ചു. കുഞ്ഞഹമ്മദ് ഹാജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം സുൽത്താനോടൊപ്പം വീട്ടിക്കുന്നിലുണ്ടായിരുന്ന മുഴുവൻ പോരാളികളും കൊല്ലപ്പെടുകയോ അന്തമാനിലേക്ക് നാടുകടത്തപ്പെടുകയോ ചെയ്തു. കുറേപേർ വിവിധ നാടുകളിലേക്ക് കുടിയേറി. മാളു ഹജ്ജുമ്മയും ഏതാനും വിശ്വസ്തരും വനാന്തരങ്ങളിലും പല വീടുകളിലുമായി ഒളിവിൽ കഴിഞ്ഞു.


### പള്ളിയും പള്ളിക്കൂടവും

കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയാൽ മാത്രമേ അടുത്ത തലമുറയെ ഉയിർത്തെഴുന്നേൽപിക്കാൻ കഴിയൂ എന്ന് അവർക്കറിയാമായിരുന്നു. അതിനായി തൻെറ സ്നേഹിതരായ ചില നായർ സ്ത്രീകളുടെ സഹായത്തോടെ കണ്ണത്ത് സ്കൂൾ അവർ പുനഃസ്ഥാപിച്ചു. ചകിതരായ കുട്ടികൾ സ്കൂളിൽ എത്താൻ മടികാണിച്ചപ്പോൾ തൻെറ പാടത്തും പറമ്പിലുമെല്ലാമുള്ള എല്ലാ വിഭവങ്ങളും സ്കൂളിനായി ഏറ്റെടുക്കാൻ കാട്ടിലിരുന്ന് മാളു നിർദേശം നൽകി. പട്ടിണിക്കാലമായതിനാൽ വിശപ്പ് മാറ്റാൻ കുട്ടികൾ സ്കൂളിലെത്തുമെന്ന് അവർക്കറിയാമായിരുന്നു. പിതാവ് കോയാമു ഹാജി 1928ൽ ജയിലിൽ മരിച്ചതറിഞ്ഞ് മയ്യിത്ത് കരുവാരക്കുണ്ടിൽ എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ അവർ ചെയ്തു. കരുവാരക്കുണ്ട് പള്ളിയിൽ ഖബറടക്കസമയത്താണ് ഒളിവുകാലത്തിനു ശേഷം മാളു ഹജ്ജുമ്മ ജനത്തിന് മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. പിന്നീട് തികഞ്ഞ സാമൂഹിക പ്രവർത്തകയായി അവർ മാറി. ബ്രിട്ടീഷുകാരെ വിറപ്പിച്ച വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ഭാര്യയെന്ന പദവിയുള്ളതിനാൽ മറുവാക്കില്ലാത്ത നേതാവായി വളർന്നു. അവരെക്കുറിച്ച് ഇപ്പോൾ 67 വയസ്സുള്ള കുട്ടിമാൻ എന്ന പറവെട്ടി മോയീൻെറ വാക്കുകൾ:

“മാളു അമ്മായി മരിക്കുമ്പോൾ എനിക്ക് ഒമ്പത് വയസ്സ്. ഉപ്പാൻെറ അമ്മായി ആണെങ്കിലും ഞങ്ങളും അമ്മായീന്നായിരുന്നു വിളിച്ചിരുന്നത്. തെയ്യമ്പട്ടിക്കുന്നിലുള്ള അമ്മായിയുടെ വീട്ടിൽനിന്ന് ചീനിപ്പാടത്തിനക്കരെ എൻെറ വീട് ലക്ഷ്യമാക്കി ‘കുട്ട്യേ’ എന്ന് അമ്മായി നീട്ടി വിളിക്കും. ചീനിപ്പാടത്തിനക്കരെവരെ കേൾക്കാവുന്ന ആ വിളി ചായകുടിക്കാനാണ്. ഞങ്ങളെന്നും ഒന്നിച്ചായിരുന്നു ചായകുടിക്കുന്നത്.” മാളു അമ്മായിക്ക് ഏതാണ്ട് 60 വയസ്സായപ്പോൾ ആ നാട്ടിലെ രാജ്ഞിയെപ്പോലെ അവർ പ്രശോഭിച്ചതായി ഉപ്പ ഞങ്ങൾക്ക് പറഞ്ഞുതന്നിട്ടുണ്ടെന്ന് സഹോദരൻ ഉമ്മർ ഹാജിയും സാക്ഷ്യപ്പെടുത്തു. ജനങ്ങൾക്ക് ഒരുതരം ഭയം കലർന്ന ബഹുമാനമായിരുന്നു അമ്മായീനോട്. അങ്ങാടിയിലൂടെ അവർ നടക്കാനിറങ്ങിയാൽ മുതിർന്നവർ പോലും എഴുന്നേറ്റുനിന്ന് ആദരവ് പ്രകടിപ്പിക്കുമായിരുന്നു.

നീളംകൂടിയ കുപ്പായവും കാച്ചിത്തുണിയും മക്കനയുമായിരുന്നു വേഷം. കൈയിലൊരു നീളൻ വടിയും കാണും. അക്കാലത്തെ പ്രതാപത്തിൻെറ അടയാളമായിരുന്നു ആ വടി. അരയിലൊരു വെള്ളി അരപ്പട്ട. അതിലെപ്പോഴുമൊരു കത്തിയുമുണ്ടാകും. നാട്ടിലുണ്ടാകുന്ന പ്രശ്നങ്ങളും മറ്റും പറഞ്ഞുതീർക്കുന്നതും മധ്യസ്ഥത വഹിക്കുന്നതും മാളു ഹജ്ജുമ്മയായിരുന്നു. കരുവാരക്കുണ്ട് പള്ളി മുഖ്യ ചുമതലക്കാരിയായി അവർ സേവനമനുഷ്ഠിച്ചിരുന്നു. ആദ്യം ഒന്നര ഏക്കറും പിന്നീട് അഞ്ച് ഏക്കറും പള്ളിക്കായി അവർ നൽകി. മരണശേഷം തൻെറ മുഴുവൻ സ്വത്തുകളും കരുവാരക്കുണ്ട് പള്ളിക്കും മാമ്പുഴ പള്ളിക്കുമായി നൽകാൻ അവർ വസിയ്യത്ത് എഴുതി. ഇത് ഏതാണ്ട് 30 ഏക്കർ വരും. അവർ താമസിച്ച വീട് നിലനിൽക്കുന്ന സ്ഥലം പള്ളിക്കമ്മിറ്റിയുടെ കീഴിലാണ് ഇപ്പോൾ.

പള്ളി സംബന്ധിച്ച ആലോചനയോഗം ചേരുമ്പോൾ തൊട്ടടുത്ത മുറിയിൽ പ്രത്യേക ഇരിപ്പിടത്തിലിരുന്ന് അവർ കാര്യങ്ങൾ നിയന്ത്രിക്കും. ശക്തിയും ധൈര്യവും നേതൃഗുണവും മതബോധവും ഒത്തിണങ്ങിയിരുന്ന വനിതയായിരുന്നു മാളു ഹജ്ജുമ്മ. അക്കാലത്ത് ഇംഗ്ലീഷിൽ എഴുതുകയെന്നതും കോടതി വ്യവഹാരത്തിനായി കോഴിക്കോട്, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഒറ്റക്ക് സഞ്ചരിക്കുകയെന്നതും സ്ത്രീകൾക്ക് ആലോചിക്കാൻകൂടി കഴിയില്ലായിരുന്നു. എന്നാൽ, അവർ അതെല്ലാം ചെയ്തിരുന്നു. 1961ൽ മാളു ഹജ്ജുമ്മയെന്ന ഇതിഹാസം മരണത്തിന് കീഴടങ്ങി. അവർക്ക് മക്കളില്ല. മരണവിവരമറിഞ്ഞ് മലബാറിൻെറ ഒട്ടുമിക്ക ഭാഗങ്ങളിൽനിന്നും ജനം ഒഴുകിയെത്തി. കരുവാരക്കുണ്ട് പള്ളി ഖബർസ്ഥാനിൽ കോയാമു ഹാജിയുടെ ഖബറിനോട് ചേർന്നാണ് മകൾ മാളു ഫാത്തിമയെ മറവ്ചെയ്തത്. ●



• കുഞ്ഞഹമ്മദ് ഹാജിയും പോരാളികളും അവസാനം ഒളിവിൽ കഴിഞ്ഞ കരുവാരക്കുണ്ട് വനത്തിലെ വീട്ടിക്കുന്ന് പ്രദേശത്ത് ലേഖകൻ

കഥ

# കൊളുത്ത്

**അസീം താന്നിമൂട്**

മക്കളെ അവളെ ഏൽപിച്ച് വീട്ടിൽനിന്നും പുറത്തങ്ങനെ അധികം പോകാൻ എനിക്കിപ്പോൾ തീരെ ഇഷ്ടമില്ലാതായിരിക്കുന്നു. കാരണം മറ്റൊന്നുമല്ല, അവൾക്ക് വാതിലുകൾ നേരാംവണ്ണം കുറ്റിയിട്ടു പൂട്ടാനറിയില്ല.എത്രപറഞ്ഞാലും ഒരു കൊണ്ടി ഏതെങ്കിലും വാതിലിൽ കൊളുത്തിലേറാതുണ്ടാവും, പുറമേന്നു തള്ളിയാൽ തുറക്കാനാകും വിധം.

അവൾക്കതിലൊട്ട് ആശങ്കയുമില്ല; എനിക്കുമില്ലായിരുന്നു.

രാത്രിക്കു മുമ്പ് വീടെത്തി, മോഷ്ടാക്കളെപ്പേടിച്ച് ഉറങ്ങും മുമ്പ് ഞാനതു പരിഹരിക്കുകയായിരുന്നു പതിവ്...ചില ദിവസങ്ങളിൽ മറന്നുംപോകും.

അന്യായമായി ഒന്നും അന്വേഷിക്കുന്ന അയൽപക്കങ്ങൾ അധികമില്ലാഞ്ഞതിനാൽ ആരുമങ്ങനെ തള്ളി നോക്കാൻ തുനിഞ്ഞിട്ടില്ല. മോഷ്ടാക്കൾക്ക് രാത്രിപോലും സുരക്ഷിതമായ് പതുങ്ങിവരാനാകുന്ന ഏരിയയുമല്ല (കവലയിലെ മസ്ജിദിൽ മുമ്പൊരിക്കൽ നടന്ന മോഷണശ്രമം അമ്പലക്കമ്മിറ്റിക്കാർ കൈയോടെ പിടികൂടിയതിന്റെ അസ്കൃത അവർക്ക് നന്നായറിയാം)...

പക്ഷേ, മക്കളെ അവളെ ഏൽപിച്ച് പകലുപോലും പുറത്തു പോകാൻ എനിക്കിപ്പോൾ തീരെ ഇഷ്ടമില്ലാതായിരിക്കുന്നു...അവൾക്ക് വാതിൽക്കൊളുത്തുകൾ നേരാംവണ്ണം തിരികിയേറ്റാൻ ഇനിയും വശമില്ല.



ചിത്രീകരണം: സജീവ് കീഴരിയൂർ


വായന

# ക്ലാസിക്കുകളുടെ ആഴം

## ഉത്തരാധുനികതയുടെ വിഹ്വലതകൾ

**പി.എ. നാസിമുദ്ദീൻ**

**ബാഹ്യതയേക്കാൾ ആന്തരികതയിലേക്കും ശാസ്ത്രബോധത്തേക്കാൾ സൗന്ദര്യബോധത്തിലേക്കും ഭൗതികതയേക്കാൾ ആത്മീയതയിലേക്കും ചായുന്ന ഈ പുസ്തകത്തിലെ 10 ലേഖനങ്ങളും വായനക്കാരുടെ കാഴ്ചപ്പാടുകളെ നവീകരിക്കുന്നു**



**കലിയും കാവ്യൗഷധങ്ങളും (ലേഖനം)**

കെ.എം. വേണുഗോപാൽ
പേജ്: 80, വില: 122.00
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

വിജ്ഞാനങ്ങളും പുസ്തകങ്ങളും വിൽപനച്ചരക്കുകളാകുന്ന ഈ കാലത്ത് തങ്ങളുടെ രചനകൾ അനായാസവും ക്ഷിപ്രസുഖസാധ്യവുമാക്കാൻ എഴുത്തുകാർ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ അവർ അങ്ങനെ നിർബന്ധിക്കപ്പെടുന്നു. വികാരവും ബുദ്ധിയും അനുഭൂതികളുമൊക്കെ ഒരുമിച്ച് പങ്കെടുക്കേണ്ട ഒരു സമ്പൂർണ മനുഷ്യപ്രവർത്തനമായ വായന അങ്ങനെ ആഴംകുറഞ്ഞ ഒന്നായി മാറുന്നു. വായനക്കാരുടെ ഇന്ദ്രിയങ്ങളെ ഉദ്ദീപിപ്പിക്കാനും അവരുടെ കാമനകളെ ശമിപ്പിക്കാനുമുള്ള തന്ത്രങ്ങളായി നമ്മുടെ ഭാഷയിൽ പുറത്തിറങ്ങുന്ന വലിയൊരു ഭാഗം സർഗാത്മക രചനകൾ ചുരുങ്ങിപ്പോകുന്നു.

ഇതിനിടയിലും മനുഷ്യജീവിതത്തെക്കുറിച്ചും പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും കാലികപ്രതിഭാസങ്ങളെക്കുറിച്ചും ഗംഭീരമായ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് വായനക്കാരെ ആലസ്യത്തിൽനിന്നുണർത്തി പ്രബുദ്ധതയിലേക്കു നയിക്കുന്ന ഒട്ടേറെ പുസ്തകങ്ങളും പുറത്തിറങ്ങുന്നുണ്ട്.

കെ.എം. വേണുഗോപാൽ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 'കലിയും കാവ്യൗഷധങ്ങളും' എന്ന പുസ്തകം അതിന്റെ പുതുമകൊണ്ടും ഉയർന്ന ധൈഷണിക നിലവാരംകൊണ്ടും ഒരു അപൂർവ അനുഭവമാണ്. ദാർശനികവും അന്വേഷണത്വര പുലർത്തുന്നതുമായ 10 ലേഖനങ്ങൾ ചേർന്നതാണിത്. ഗഹനവും ധ്യാനാത്മകവും ആഴമേറിയവയുമാണിവ.

ഉത്തരാധുനികമായ ജീവിതപ്രഹേളികകളിലേക്ക് ആഴ്ന്നുചെല്ലാനും അവയുടെ കുരുക്കഴിക്കാനും ഗ്രന്ഥകാരന് ക്ലാസിക് കൃതികളാണ് അവലംബം. മഹാഭാരതവും സെൻബുദ്ധിസവും ഹാംലെറ്റും ഡോൺക്വിക്സോട്ടും എന്നുവേണ്ട അനേകം ക്ലാസിക് കൃതികൾ ഈ പുസ്തകത്തിൽ അനാവരണം ചെയ്യപ്പെടുന്നു. അവ പുതിയ പാഠനിർമിതികൾക്ക് വിധേയമാകുന്നു. കലി, നളൻ എന്നീ കഥാപാത്രങ്ങളും കലിയുഗം എന്ന പരികൽപനയും ഉത്തരാധുനികമായി വായിക്കപ്പെടുന്നു. നളചരിതത്തിലെ കലി ബാധിച്ച നളൻ സമകാലിക മനുഷ്യൻതന്നെയായി തീരുന്നു.

ഫാഷിസത്തിന്റെ കാലൊച്ചകൾ ഭയാനകമായി മുഴങ്ങുന്ന ഈ കാലത്തെക്കുറിച്ച് എം. ഗോവിന്ദൻ എന്ന ചിന്തകൻ നാലു പതിറ്റാണ്ടുമുമ്പ് പ്രവചിച്ചത് വിശദമാക്കുന്നതാണ് 'ഗോഡ്സേയുടെ കക്ഷി അധികാരത്തിൽ വന്നാൽ'. അതീതവും അലൗകികവുമായ പരിവേഷം ദേശത്തിനു നൽകുമ്പോൾ ദേശീയത എങ്ങനെ ആപത്ക്കരമായി മാറുമെന്ന് അതിൽ സൂചനകൾ നൽകിയിരുന്നു. ഗാന്ധിക്കുപകരം ഗോഡ്സേയെ പ്രതിസ്ഥാപിക്കുന്ന സമകാലിക ഭാരതത്തിലിരുന്ന് അത് വായിക്കുമ്പോൾ നമുക്ക് ഒരേനേരം ഞെട്ടലും വിസ്മയവും അനുഭവപ്പെടുന്നു.

വിഷാദരോഗവും കലാപ്രതിഭയും തമ്മിലുള്ള സങ്കീർണബന്ധം അവലോകനം ചെയ്യുന്നു. 'വിഷാദവർണങ്ങൾ' വലിയ കലാസൃഷ്ടികൾക്കു പിന്നിൽ വിഷാദത്തിന്റെ അപരരൂപമായ മെലാൻകോളിയ എങ്ങനെ ഒരു പ്രധാന പ്രചോദനമായി തീരുന്നു എന്ന് അന്വേഷിക്കുന്നു.

തവോയിസത്തെക്കുറിച്ചുള്ള ആഴമുള്ള രചനകൾ നമ്മുടെ ഭാഷയിൽ നാമമാത്രമാണ്. സൈദ്ധാന്തിക ലോകത്ത് പുത്തൻ ജ്ഞാനോദയവും കോളിളക്കവുമുണ്ടാക്കിയ 'IF MEET THE BUDHA KILL HIM' എന്ന പുസ്തകത്തെ ആഴത്തിൽ അനുഭവിപ്പിക്കുന്നു 'ബുദ്ധനെ കൊല്ലേണ്ടതെങ്ങനെ?' തവോയിസത്തിന്റെ പുത്തൻ ഊർജങ്ങൾ ഇത് വായിക്കുമ്പോൾ വായനക്കാരനിലും ഉണരുന്നു.

സാർവത്രികമായ രണ്ടു മനുഷ്യസ്വഭാവങ്ങളാണ് സംശയവും മിഥ്യയിൽ ജീവിക്കാൻ ഇഷ്ടപ്പെടലും. ഈ സ്വഭാവങ്ങളെ പ്രതിനിധാനം ചെയ്യുന്ന ലോകസാഹിത്യത്തിലെ രണ്ടു ക്ലാസിക്കുകളും അവയിലെ രണ്ടു കഥാപാത്രങ്ങളുമാണ് ഷേക്സ്പിയറുടെ ഹാംലെറ്റും സർവാന്റെസിന്റെ ഡോൺ ക്വിക്സോട്ടും. അവ മനുഷ്യമനസ്സിന്റെ സങ്കീർണതകളെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്ന് വിശകലനം ചെയ്യുന്നു മറ്റൊരു ലേഖനം.

പുരോഗമനപരമായ സാമൂഹിക ചിന്തകളെ നിരസിച്ച ഇന്ത്യൻ വേദാന്തചിന്തയിലെ കുലപതികളായിരുന്ന ശങ്കരാചാര്യരേക്കാളും മധ്വാചാര്യരേക്കാളും ബലവത്തായിരുന്നു കർണാടകയിലെ നവോത്ഥാന നായകരും ഭക്തകവികളുമായിരുന്ന ബസുവണ്ണയും അക്കാമഹാദേവിയും. കീഴാളരെ വിപ്ലവകരമായി ഉണർത്തിയ ഇവരുടെ ആത്മീയപഥങ്ങൾ പരിചയപ്പെടുത്തുന്നു 'നിൻ നാമമൃതം തുളുമ്പി'.

നളൻ, കലി, ധർമപുത്രൻ, ഡോൺക്വിക്സോട്ട്, ഹാംലെറ്റ് മുതലായ ക്ലാസിക് കഥാപാത്രങ്ങളും മഹാത്മാ ഗാന്ധി, ശ്രീബുദ്ധൻ എന്നിങ്ങനെയുള്ള ചരിത്രപുരുഷന്മാരും ഫെഡറിക് നീത്ഷെ, കീർക്കോഗർ, റിൽക്കെ, ഫ്രോയിഡ്, ജൂലിയ ക്രിസ്തേവ, കാഫ്ക, കാൾ മാർക്സ്, വാൻഗോഗ് മുതലായ ധിഷണാശാലികളും പുസ്തകത്തിന്റെ താളുകളിൽ അപൂർവ കാന്തിയോടെ പ്രത്യക്ഷപ്പെടുന്നു.

ബാഹ്യതയേക്കാൾ ആന്തരികതയിലേക്കും ശാസ്ത്രബോധത്തേക്കാൾ സൗന്ദര്യബോധത്തിലേക്കും ഭൗതികതയേക്കാൾ ആത്മീയതയിലേക്കും ചായുന്ന ഈ പുസ്തകത്തിലെ 10 ലേഖനങ്ങളും വായനക്കാരുടെ കാഴ്ചപ്പാടുകളെ നവീകരിക്കുകയും അതിന് വിശാലതയും ആഴവും നൽകുകയും ചെയ്യുന്നു.

●

കവിത



# പിടയുന്ന കൊടുങ്കാറ്റ്

**കെ.എം. റഷീദ്**

എന്തുകൊണ്ടാണ്
കടൽ എപ്പോഴും അലറുന്നത്?
തീ ആളിപ്പടരുന്നത്?
പൊടുന്നനെ കൊടുങ്കാറ്റു വരുന്നത്?
തീവണ്ടികൾ സ്വസ്ഥതയില്ലാതെ പായുന്നത്?

തെരുവുകളേക്കാൾ
വീടുകൾ കരയുന്നത്
ആശുപത്രികളേക്കാൾ
ഓഫിസുകൾ മൗനമായിരിക്കുന്നത്
പുറത്തേക്കാൾ മനുഷ്യർ
കിടപ്പുമുറിയിൽ അസ്വസ്ഥരാവുന്നത്
സ്ത്രീകളുടെ ചിരിയും
വൃദ്ധരുടെ കരച്ചിലും
വിറളി പിടിപ്പിക്കുന്നത്
എന്റെയെന്റെ രാജ്യമെന്ന്
ചേർത്തണയ്ക്കുന്നവരെ
ഓടിച്ച്
ശൂലമുനകൾ
ഉറഞ്ഞുതുള്ളുന്നത്?

എനിക്കറിയില്ല
എനിക്കറിയില്ല

ഒരുപക്ഷേ,
കടൽ ഇന്നലത്തെ
കാമുകനാകാം
അഭയാർഥികളുടെ ഇരമ്പമാകാം
അനാഥത്വത്തിന്റെ തീയാകാം
പിടയുന്ന കൊടുങ്കാറ്റാകാം

●


പുസ്തകം



**ബാബ്‌രി മസ്ജിദിൽ പക്ഷികൾ അണയുന്നു (കഥ)**

പ്രമോദ് രാമൻ
പേജ്: 112, വില: 125.00
ഡി.സി ബുക്സ്

സമകാലിക പ്രശ്നങ്ങൾ ഉയർത്തി മലയാളിയുടെ മനസ്സാക്ഷിക്കുനേരെ വിരൽചൂണ്ടുന്ന കഥകൾ. ജബ്ബാറിന്റവിട അബ്ബാസ്, ഇന്ത്യാപസിൽ തുടങ്ങി എട്ട് കഥകൾ.



**Higher education in India, politics and policies (പഠനം)**

ഡോ. വി. ശിവദാസൻ, ഡോ. അഭിലാഷ് ബാബു
പേജ്: 208, വില: 225.00
കറന്റ് ബുക്സ്


ഉന്നത വിദ്യാഭ്യാസ രംഗത്ത് രാജ്യം കൈവരിച്ച പുരോഗതിയെ വിമർശനാത്മകമായി വിലയിരുത്തുന്ന പുസ്തകം നവലിബറലിസം വരുത്തുന്ന സ്വാധീനങ്ങളും പഠനവിധേയമാക്കുന്നു.



**ഖദീജ ബീവി തിരുനബിയുടെ പ്രഭാവലയത്തിൽ (ചരിത്രം)**

വി.കെ. ജലീൽ
പേജ്: 152, വില: 160
ഐ.പി.എച്ച്


പ്രവാചകൻ മുഹമ്മദിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന പത്നി ഖദീജയുടെ മാത്രമല്ല, പ്രവാചകന്റെ കുടുംബത്തിന്റെ തന്നെ ചരിത്രമാണ് ഈ പുസ്തകത്തിൽ.



**രാജ്യം അതിന്റെ വിധിയോട് പൊരുതുന്നു (ലേഖനം)**

എഡി: പ്രതാപൻ തായാട്ട്
പേജ്: 161, വില: 200
ഹരിതം ബുക്സ്


പൗരത്വ ഭേദഗതി നിയമത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ മാനങ്ങൾ ചർച്ച ചെയ്യുന്നു. രാഷ്ട്രീയ-സാമൂഹിക രംഗത്തെ പ്രമുഖർ നിരീക്ഷണങ്ങൾ പങ്കുവെക്കുന്നു.



**ഉണരുന്നവർ (കഥ)**

യു.പി. ജയരാജ്
പേജ്: 152, വില: 170.00
ഡി.സി ബുക്സ്

ചൈന, വിയ്റ്റനാം, ഫലസ്തീൻ കഥകളുടെയും മാവോവാദി-കമ്യൂണിസ്റ്റ് വിപ്ലവകഥകളുടെയും അപൂർവ സമാഹാരം.



**മക്കളെ മിടുക്കരാക്കാം (ഗൈഡ്)**

കെ.എൻ. സുരേഷ്കുമാർ
പേജ്: 100, വില: 110.00
പൂർണ പബ്ലിക്കേഷൻസ്


മക്കളെ എങ്ങനെ വളർത്താം എന്നതിൽ മാതാപിതാക്കൾക്ക് പ്രചോദനവും മനഃശാസ്ത്രപരമായ മാർഗനിർദേശങ്ങളും നൽകുന്ന പുസ്തകം.



**വിജയത്തിന്റെ ബ്ലൂപ്രിന്റ് (ഗൈഡ്)**

വിപിൻ വി. റോൾഡന്റ്
പേജ്: 128, വില: 160.00
ആസ്പയർ, മാതൃഭൂമി

ജീവിതഗന്ധിയായ ആശയങ്ങളും ചിന്തകളും ഇടകലർത്തി വിജയത്തിലേക്കുള്ള എളുപ്പമാർഗങ്ങൾ വിവരിക്കുകയാണ് ലേഖകൻ.



**മരങ്ങൾ ഓടുന്ന വഴിയേ (യാത്ര)**

ലിപിൻ രാജ് എം.പി.
പേജ്: 114, വില: 120.00
ഡി.സി ബുക്സ്


ഇന്ത്യയുടെ നാല് അതിരും തൊടുന്ന യാത്രാനുഭവം. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചകളും മിന്നിമറയുന്നു.



**നമ്മുടെ ദേശീയ ചിഹ്നങ്ങൾ**

ചേപ്പാട് ഭാസ്കരൻ നായർ
പേജ്: 125, വില: 140.00
കറന്റ് ബുക്സ്

ഇന്ത്യൻ ദേശീയതയുടെ നന്മകൾ സമഗ്രമായി പ്രതിപാദിക്കുന്നതും നമ്മുടെ ദേശീയ ചിഹ്നങ്ങളെ പരിചയപ്പെടുത്തുന്നതുമായ കൃതി.



**ലാജവന്തി എന്നൊരുവൾ (കവിത)**

റോസ്മേരി
പേജ്: 64, വില: 100.00
മാതൃഭൂമി ബുക്സ്

എഴുത്തുകാരിയുടെ ഏറ്റവും പുതിയ കവിതസമാഹാരം.

പാട്ടോരം

# ചാരുത ചേർന്ന പാട്ടുകൾ

**കൃത്യമായ രാഷ്ട്രീയം പറയുന്ന ആവിഷ്കാരങ്ങളിലൂടെ സംഗീതലോകത്ത് വേറിട്ട ഇടം കണ്ടെത്തുകയാണ് ഈ കലാകാരി**

## ശ്രുതി നമ്പൂതിരി

സഫ്‍വാൻ റാഷിദ്


ശ്രുതി നമ്പൂതിരി

*അതിരെഴാ മുകിലേ*
*നിൻ സജലമാം മറുകരയിൽ*
*അടരുവാൻ വിതുമ്പി നിന്നോ*
*പരിചിതമൊരു മൗനം*
ചാരുലത

ഹൃദയം തുളക്കുന്ന വരികളും ഉന്മാദത്തോളമെത്തിക്കുന്ന സംഗീതവും രാഷ്ട്രീയം പുരട്ടിയ ദൃശ്യങ്ങളും കൂടിക്കലരുന്ന സ്വതന്ത്ര സംഗീത വിഡിയോകളിലൂടെ പുതിയ ഇടം കണ്ടെത്തുകയാണ് ശ്രുതി നമ്പൂതിരി. വരികളിലും ചിത്രീകരണത്തിലുമെല്ലാം നടപ്പുരീതികളിൽനിന്നുള്ള മാറിനടപ്പും മാന്ത്രികതയുടെ കൈയൊപ്പുമുണ്ട്. സംഗീതജ്ഞനും ഗായകനുമായ സുദീപ് പാലനാടിനൊപ്പം ചെയ്ത സംഗീത ഫീച്ചറുകളെല്ലാം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. 'ചാരുലത' യൂടൂബിൽ 26 ലക്ഷത്തിലധികം പേരും വൈവിധ്യമായ നൃത്തങ്ങൾ ചേർത്തൊരുക്കിയ 'ബാലെ' 18 ലക്ഷത്തിലേറെപ്പേരും കണ്ടുകഴിഞ്ഞു. അഞ്ജലി മേനോൻെറ 'കൂടെ'യിൽ ഒരു ഗാനമെഴുതി. "പാട്ടിനും രാഷ്ട്രീയമുണ്ട്. വർത്തമാനകാലത്ത് പ്രത്യേകിച്ചും" എന്നാണ് ശ്രുതിയുടെ ഭാഷ്യം. തൻെറ സംഗീതവഴികളും നിലപാടുകളും പങ്കുവെക്കുകയാണ് അവർ.

### അപരവത്കരണ കാലത്തെ 'തെഹ്ഖീഖ്'

ആകാശത്തേക്ക് മിനാരങ്ങളുയർത്തിനിൽക്കുന്ന പള്ളികളും സൂഫി ഗന്ധവുമുള്ള പൊന്നാനിയുടെ പൗരാണിക തെരുവുകൾ ഏറെ പ്രിയപ്പെട്ടതാണ്. ഹിന്ദു-മുസ്‍ലിം സങ്കലനത്തിൻെറയും കൂട്ടായ്മയുടേയും പ്രതീകങ്ങൾ ഇപ്പോഴും അവിടത്തെ തെരുവുകളിലുണ്ട്.

മുസ്‍ലിം അപരവത്കരണത്തിൻെറ പുതിയ കാലത്ത് പുറത്തിറങ്ങുന്ന തെഹ്ഖീഖ് പകർത്താൻ പൊന്നാനിയേക്കാൾ മികച്ച ഇടമില്ല എന്ന ബോധ്യമുണ്ടായിരുന്നു. '96' ഫെയിം ഗോവിന്ദ് വസന്ത സംഗീതം നിർവഹിച്ച തെഹ്ഖീഖിൻെറ രചന ധന്യ സുരേഷാണ്. ശ്രീരഞ്ജിനി കോടമ്പള്ളിയാണ് ഇതിൽ പാടി അഭിനയിച്ചിരിക്കുന്നത്. താനുമായി ബന്ധമുണ്ടെന്ന ഒരൊറ്റ കാരണത്താൽ തീവ്രവാദിയാക്കപ്പെടുന്ന ഭർത്താവിനെ തേടിയിറങ്ങുന്ന മുസ്‍ലിം പെൺകുട്ടിയുടെ അന്വേഷണമാണ് ഇതിൽ പകർത്തിയിരിക്കുന്നത്. കർണാടിക് സംഗീതവും സൂഫി സംഗീതവും ഇഴചേർത്തിണക്കി സംഗീതം ഒരുക്കിയതിലും ഞങ്ങൾ കൂടിച്ചേരലിൻെറയും ബഹുസ്വരതയുടെയും അർഥം പറഞ്ഞുവെക്കുന്നുണ്ട്. നീരജ് മാധവും ആൻ ശീതളുമാണ് വിഡിയോയിൽ മുഖ്യ വേഷത്തിലെത്തിയിരിക്കുന്നത്.

### ചാരുലതയുടെ പിറവി

യൂടൂബിലും ഫേസ്ബുക്കിലും വാട്സ്ആപ് സ്റ്റാസുകളിലുമെല്ലാമായി ചാരുലത ഇപ്പോഴും ആഘോഷിക്കപ്പെടുന്നു എന്നതിൽ സന്തോഷമുണ്ട്. ചാരുലത പിറവിയെടുക്കുന്നത് ആകസ്മികമായാണ്. സത്യത്തിൽ ഒരു സിനിമക്കുവേണ്ടി ഞാനും സുദീപും കൂടി ചെയ്ത ഗാനമാണ് ഇന്നത്തെ ചാരുലതയിലേക്ക് വഴിമാറിയത്. മ്യൂസിക്കലി ട്രീറ്റ് ചെയ്ത ഒരു കവിതവേണം എന്ന സിനിമക്കാരുടെ ആവശ്യാർഥം ഞാൻ വരികളെഴുതുകയും സുദീപ് സംഗീതം ചെയ്യുകയുമായിരുന്നു. പക്ഷേ, എല്ലാം കഴിഞ്ഞപ്പോൾ സിനിമക്കാർ ഞങ്ങളെ നൈസായിട്ടങ്ങ് പറ്റിച്ചു. ഈ ഗാനം സിനിമാക്കാർക്ക് വീണ്ടും കൊടുക്കാൻ ഒട്ടും താൽപര്യമില്ലായിരുന്നു. ചാരുലതയുടെ ചിത്രീകരണം ഒരുക്കാൻ ഞങ്ങൾ തന്നെ തീരുമാനിക്കുന്നത് അങ്ങനെയാണ്.

സത്യജിത് റേയുടെ 25ാം ചരമവാർഷികം 2017ൽ ആചരിക്കുന്ന വാർത്ത ശ്രദ്ധിച്ചപ്പോഴാണ് റേയുടെ ചാരുലതയെന്ന ആശയം മനസ്സിലേക്കെത്തിയത്. ഇരുപതാം നൂറ്റാണ്ടിൻെറ തുടക്കത്തിലുള്ള ചാരുലതയെ ഒരു മ്യൂസിക് വിഡിയോക്കകത്ത് പുനഃസൃഷ്ടിക്കുക എന്നത് ഭാരിച്ചതും ചെലവേറിയതുമായ ഉത്തരവാദിത്തമാണ്. വിഖ്യാത സംവിധായകൻെറ കഥാപാത്രത്തിൽ തൊടുന്നതിൻെറ ആശങ്ക വേറെയും. അതുകൊണ്ടുതന്നെ, അനായാസ ചിത്രീകരണത്തിനായി ആ കഥയെ വ്യത്യസ്തങ്ങളായ കാലങ്ങളിലേക്ക് പറിച്ചുനടുകയായിരുന്നു. ചിത്രീകരിക്കുന്നത് 'ചാരുലത'യാണെന്നറിഞ്ഞതോടെ പിന്നണിയിലേക്ക് പ്രശസ്ത സംഗീതജ്ഞരെത്തന്നെ സുദീപ് എത്തിച്ചു. പ്രാഷേക് ബോർക്കാർ സരോദുമായും മാനസ് കുമാർ വയലിനുമായും എത്തി, സിതാർ ചെയ്തത് പോൾസണും സാരംഗി ചെയ്തത് ഷാരൂഖ് ഖാനുമായിരുന്നു. കഥാപാത്രങ്ങളായി ആരൊക്കെ വേഷമിടുമെന്നായിരുന്നു അടുത്ത പ്രതിസന്ധി. ഏറെ കൂടിയാലോചനകൾക്കുശേഷം ചാരുലതയായി നർത്തകി പാർവതി മേനോനും അമലായി ഗാനരചയിതാവ് ബി.കെ. ഹരിനാരായണനും ഭൂപതിയായി സംഗീത സംവിധായകൻ ബിജിപാലും എത്തി. സുദീപിൻെറ സംഗീതത്തിനൊപ്പം അഭിനേതാക്കളുടെ സമർപ്പണവും സഹകരണവും കൂടിച്ചേർന്നപ്പോൾ ചാരുലത അനുഭവമായി മാറി. വെറും അഞ്ചുപേർ മാത്രമുണ്ടായിരുന്ന കൊൽക്കത്തയിലെ ഷൂട്ട് ശരിക്കും വെല്ലുവിളിയായിരുന്നു. പരിമിതികൾക്കുള്ളിലും കൊൽക്കത്തയിലെ കാഴ്ചകൾ പകർത്താൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. 2018ലെ ചാരുലത സ്വപ്നം കാണുന്ന സ്വീകൻസായിട്ടാണ് 1975ലെ ചാരുലത വരുന്നത്. അടിയന്തരാവസ്ഥയും അഭിപ്രായ സ്വാതന്ത്ര്യവുമെല്ലാം ഇതിനിടയിൽ മിന്നിമായുന്നുണ്ട്.

### ബാലെ; സ്ത്രൈണതയുടെ ആഘോഷം

രാഷ്ട്രീയം പറയാനായി സംഗീതമൊരുക്കുന്നു എന്നതിനേക്കാൾ സംഗീത വിഡിയോകളിൽ കാലികമായ രാഷ്ട്രീയം കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുന്നു എന്നതാകും ശരി. സ്പാനിഷ് ഗിറ്റാറിൻെറ താളത്തിന് സംഗീത സംവിധായകൻ സുദീപിൻെറ ഈണം ചേർന്നപ്പോൾ നളിനകാന്തി രാഗത്തിലേക്ക് ആ ഈണം ചുവട് മാറി. ഇതിനായി വരികളെഴുതുമ്പോൾ വിശാല കാൻവാസിലുള്ള ചിത്രീകരണമായിരുന്നു മനസ്സിലുണ്ടായിരുന്നത്. ആദ്യത്തെ സ്വതന്ത്ര സംഗീത സംരംഭമായ ബാലെ പിറവിയെടുക്കുന്നത് അങ്ങനെയാണ്. ഒഡീസിയും കൂടിയാട്ടവും കഥകളിയും മോഹിനിയാട്ടവുമെല്ലാം ചേർന്നുള്ള പെണ്മയുടെ ആഘോഷമായി ബാലെ ഒരുക്കി. മീനാക്ഷി ശ്രീനിവാസൻ, നന്ദിത പ്രഭു, കപില വേണു, ആരുഷി മുദ്ഗൽ, ഹരിപ്രിയ നമ്പൂതിരി, നടി റിമ കല്ലിങ്കൽ അടക്കമുള്ള വൈവിധ്യ നൃത്തരൂപങ്ങളിൽനിന്നുള്ള ഇന്ത്യയിലെ പ്രശസ്ത നർത്തകിമാരാണ് ബാലെയിൽ പകർന്നാടിയിരിക്കുന്നത്. സ്വത്വംകൊണ്ട് പലകുറി തിരസ്കരിക്കപ്പെട്ട ഭരതനാട്യ നർത്തകൻ അബ്ദുൽ മനാഫിനെവെച്ച് മനു മലയാളം, കുട്ടികളെ അണിനിരത്തി മകൾ എന്നീ സംഗീത വിഡിയോകളും ഒരുക്കിയിട്ടുണ്ട്.

### സിനിമ ഉപേക്ഷിച്ചിട്ടില്ല

എഴുതിപ്പൂർത്തീകരിച്ച സിനിമയുടെ തിരക്കഥ ബാഗിൽ കൊണ്ടുനടക്കുന്നയാളാണ് ഞാൻ.


'തെഹ്ഖീഖ്' മ്യൂസിക് ആൽബത്തിൽനിന്ന്

സ്വപ്നം പോലെ ഒരു സിനിമ മനസ്സിൽ ഏറെ കാലമായുണ്ട്. കലയും ഫാൻറസിയുമെല്ലാം ഇടകലരുന്ന ഒരു സിനിമയായിരിക്കും അത്. ഷെയ്ൻ നിഗമിനെ നായകനാക്കി ജോബി ജോർജ് നിർമാതാവായുള്ള സിനിമയുടെ പ്രാരംഭനടപടികൾ പുരോഗമിക്കവെയാണ് പ്രശ്നങ്ങളുടെ പേരിൽ സിനിമ പ്രതിസന്ധിയിലായത്. അറിയാതെയാണെങ്കിലും ആ പ്രശ്നത്തിലേക്ക് ഞാനും വലിച്ചിഴക്കപ്പെട്ടു. ഏതായാലും സിനിമ മോഹം വഴിയിലുപേക്ഷിക്കാൻ തയാറല്ല. അത് സാക്ഷാത്കരിക്കുകതന്നെ ചെയ്യും.

### വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ ഫൗണ്ടേഷൻ

സംഗീതവുമായി ബന്ധപ്പെട്ട സന്നദ്ധസംഘടന എന്ന ചിന്തയിൽനിന്നാണ് വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ ഫൗണ്ടേഷൻ പിറവിയെടുക്കുന്നത്. സുദീപ് പാലനാട്, കർണാടക സംഗീതജ്ഞൻ വിഷ്ണുദേവ് നമ്പൂതിരി, പ്രേംജിയുടെ പൗത്രൻ കൂടിയായ നവീൻ മുല്ലമംഗലം എന്നിവർ കൂടിച്ചേർന്നാണ് ഇതു രൂപവത്കരിച്ചത്. മ്യൂസിക് പ്രൊഡക്ഷനുകൾ തന്നെയാണ് പ്രധാനലക്ഷ്യം. കേരളത്തിനകത്തും പുറത്തുമുള്ള നിരവധി സംഘടനകൾ ഇതുമായി സഹകരിക്കുന്നുണ്ട്. സി.എ.എ, എൻ.ആർ.സി എന്നിവക്കെതിരെ തൃശൂരിൽ ഗായകരെയും സംഗീതജ്ഞരെയും അണിനിരത്തിയ 'പാട്ടും സമരവും' ഒരുക്കിയത് ഈ സംഘടനയുടെ ബാനറിലായിരുന്നു.


### ന്യൂസല്ല, വ്യൂസാണ് പ്രധാനം

മാസ് കമ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദത്തിനുശേഷം ഡൽഹിയിലേക്ക് പറന്നത് ടെലിവിഷൻ ജേണലിസത്തിൽ ഒന്നു പയറ്റിനോക്കാനായിരുന്നു. ഇ.എസ്.പി.എൻ, ഹെഡ്ലൈൻസ് ടുഡേ എന്നിവയിൽ കുറച്ചുകാലം ജോലിനോക്കി. പിന്നീട് വഴി ഇതല്ലെന്നറിഞ്ഞപ്പോൾ ഉപേക്ഷിക്കുകയായിരുന്നു. പിന്നീട് കുറേക്കാലം സിനിമയിൽ വഴിനോക്കി. സിനിമയിൽ നിലനിൽക്കണമെങ്കിൽ അത്യാവശ്യം ഡിപ്ലോമസി അറിയണം. ഗോഡ്ഫാദർമാരില്ലാതെ വരുന്നവർക്ക് സിനിമ കൈയെത്തിപ്പിടിക്കുന്നത് ശ്രമകരമായ കാര്യമാണ്. ആത്മസമർപ്പണത്തോടെ ചെയ്യുന്ന വർക്കുകൾക്ക് ഫലം ലഭിക്കുന്നതിൻെറ സന്തോഷമുണ്ടിപ്പോൾ. തൃശൂർ ജില്ലയിലെ ആറ്റൂർ ആണ് സ്വദേശം. ഭർത്താവ് സുഭാഷ് ബ്രിട്ടനിലാണ്.

---

let's watch

youtube.com/ cheenarin thottam



## ഞങ്ങൾക്കിനിയാരാരുണ്ടേ മിണ്ടാനാരുണ്ടേ

അനസ് അസീൻ

*'ചീനാറിൻ തോട്ടം മുഴുവൻ ചോര മണക്കുന്നേ,*
*വായ് തുന്നി തോക്കിൻതുമ്പാൽ*
*അതിരു വരയ്ക്കുന്നേ...'*

പൗരത്വ ഭേദഗതി നിയമം ഉൾപ്പെടെ, രാജ്യത്ത് ആവർത്തിക്കുന്ന നീതിനിഷേധങ്ങൾക്കും മൗലികാവകാശ ലംഘനങ്ങൾക്കുമെതിരെ തെരുവിലിറങ്ങിയവർക്ക് ഐക്യദാർഢ്യവും ആവേശവുമാവുകയാണ് ബോധി സൈലൻറ് സ്കേപ് സമൂഹമാധ്യമങ്ങളിൽ പുറത്തിറക്കിയ 'ചീനാറിൻ തോട്ടം മുഴുവൻ ചോര മണക്കുന്നേ' എന്ന ലിറിക്കൽ വിഡിയോ. സംഗീത സംവിധാനം നിർവഹിച്ചതും പാടുന്നതും ബിജിപാൽ ആണ്. ജർമനിയിലെ നാസി വിരുദ്ധ പ്രസ്ഥാനത്തിൻെറ മുന്നണിപ്പോരാളി മാർട്ടിൻ നീമോളറുടെ 'ആദ്യമവർ കമ്യൂണിസ്റ്റുകളെ തേടിവന്നു' എന്ന് തുടങ്ങുന്ന പ്രശസ്ത വരികളുടെ പാഠഭേദമാണ് ഇതെന്ന് വിഡിയോയുടെ തുടക്കത്തിൽ അണിയറക്കാർ പറയുന്നുണ്ട്.

കേന്ദ്രസർക്കാറിനെതിരെ രൂക്ഷ വിമർശനമാണ്, മൂന്ന് മിനിറ്റ്-നാല് സെക്കൻഡ് ദൈർഘ്യമുള്ള വിഡിയോ നിർവഹിക്കുന്നത്. ഒപ്പം, ഇനിയും ഇത് എന്നെ ബാധിച്ചിട്ടില്ലെന്ന് ആശ്വാസം കൊള്ളുന്നവർക്കുള്ള മുന്നറിയിപ്പുമാകുന്നു ഈ ഗാനാവിഷ്കാരം. വരികളെഴുതിയിരിക്കുന്നത് പ്രശസ്ത ഗാനരചയിതാവും കവിയുമായ ബി.കെ. ഹരിനാരായണനാണ്. ആസാദി മുദ്രാവാക്യങ്ങളോടെ തുടങ്ങുന്ന വിഡിയോ മോദി സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ ഭീകരനിയമങ്ങളെയും മനുഷ്യാവകാശലംഘനങ്ങളെയും ചോദ്യം ചെയ്യുന്നു. പൗരത്വ നിയമം, കശ്മീരിലെ അടിയന്തരാവസ്ഥ, രാജ്യത്തെ തൊഴിലില്ലായ്മ, നോട്ടുനിരോധനം, ജെ.എൻ.യുവിന് നേരെയുള്ള ഭരണകൂട ഭീകരത, എതിർശബ്ദങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ, കർഷക ആത്മഹത്യ തുടങ്ങി ഫാഷിസ്റ്റ് കാലത്തെ ഭരണകൂട ദുഷ്ചെയ്തികളെല്ലാം വരികളായും കാഴ്ചകളായും നിറയുന്നു. രാജ്യത്തിൻെറ ഭാവിയെക്കുറിച്ചും ഗാനം ചോദ്യമുയർത്തുന്നു.

റസൽ പരീതാണ് മോണോക്രോം ഇഫക്ടിൽ ലിറിക്കൽ വിഡിയോ ഒരുക്കിയിരിക്കുന്നത്. കീബോർഡ് ജിബിൻ ഗോപാൽ, ഗിത്താർ സന്ദീപ് മോഹൻ. ബോധി സൈലൻറ് സ്കേപ്പാണ് വിഡിയോ നിർമിച്ചിരിക്കുന്നത്.

---

സിനിമ

## 'പനി' പിടിച്ച നാട്

**ഐ.എഫ്.എഫ്.കെയിൽ മികച്ച മലയാള സിനിമക്കുള്ള ഫിപ്രസി പുരസ്കാരം നേടിയ 'പനി'യെക്കുറിച്ച്**

രാഘവൻ കടന്നപ്പള്ളി


'പനി'യിൽനിന്ന്

സമൂഹത്തെ ബാധിക്കുന്ന രോഗങ്ങൾ ചികിത്സിച്ചു സുഖപ്പെടുത്താൻ ഇടപെടുക എന്നത് കലാകാരൻെറ ധർമമാണ്. ഈ ഇടപെടൽ കൃത്യമായി നിർവഹിച്ചു എന്നതാണ് സന്തോഷ് മണ്ടൂർ എന്ന ജനകീയ ചലച്ചിത്ര പ്രവർത്തകനെ വ്യതിരിക്തമാക്കുന്നത്. തമിഴ്നാട്ടിലെ മധുര, തേനി, വിരുദ് നഗർ, റെഡിയാർപ്പട്ടി ജില്ലകളിലെ ഗ്രാമങ്ങളിൽ നടക്കുന്ന മനുഷ്യത്വരഹിതവും പ്രാകൃതവുമായ 'തലൈക്കൂത്തൽ' (ദയാവധം) എന്ന ദുരാചാരമാണ് പനിയുടെ പ്രമേയം. ഈ ആചാരം മനുഷ്യൻെറ ജീവിക്കാനുള്ള അവകാശത്തിന് തടയിടുന്നു. പ്രാകൃതമായ ഈ ആചാരത്തെക്കുറിച്ച അന്വേഷണമാണ് 'പനി'യിലേക്ക് നയിച്ചത്. സമൂഹത്തെ ബാധിക്കുന്ന ഈ പനിച്ചൂടുതന്നെയാണ് സിനിമയെ കാലിക പ്രസക്തമാക്കുന്നതും. തിരുവനന്തപുരത്ത് നടന്ന കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മികച്ച മലയാള സിനിമക്കുള്ള ഫിപ്രസി പുരസ്കാരം ലഭിച്ചത് 'പനി'യുടെ സാമൂഹിക ദൗത്യത്തിനുള്ള അംഗീകാരമാണെന്ന് രചനയും സംവിധാനവും നിർവഹിച്ച സന്തോഷ് മണ്ടൂർ പറയുന്നു.

രോഗമോ പ്രായാധിക്യമോ മൂലം സ്വന്തം കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയില്ലാത്ത വൃദ്ധ മാതാപിതാക്കളെ മക്കൾതന്നെ കൊല്ലുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരാചാരമാണ് തലൈക്കൂത്തൽ. എന്നാൽ, ഇന്നിത് സ്വത്തിനും പണത്തിനും ജോലിക്കും വേണ്ടി മക്കൾതന്നെ നിർബന്ധപൂർവമോ ബലം പ്രയോഗിച്ചോ ചെയ്യുന്ന കൊലപാതകമായി മാറിയിരിക്കുന്നു എന്ന ഞെട്ടിക്കുന്ന വസ്തുതയാണ് പനിച്ചൂടുള്ള ചലച്ചിത്രഭാഷയിലൂടെ സന്തോഷ് സമൂഹവുമായി പങ്കുവെക്കുന്നത്.


സന്തോഷ് മണ്ടൂർ

ഒരുദിവസംകൊണ്ട് ആളെ ഇല്ലാതാക്കുന്നതല്ല തലൈക്കൂത്തൽ. ദയാവധത്തിന് ഇരയാക്കേണ്ടയാളെ അതിരാവിലെ തലയിൽ ധാരാളം എണ്ണയൊഴിച്ച് തണുത്ത വെള്ളത്തിൽ കുളിപ്പിക്കും. തല നല്ലപോലെ തണുത്ത് ശരീരത്തിലെ താപനില കുറയുന്നതിലൂടെ പനിയും ജ്വരവും പിടിപെടാൻ വേണ്ടിയാണിങ്ങനെ ചെയ്യുന്നത്. ശേഷം ഇളനീർ കുടിപ്പിക്കും അതോടെ കടുത്ത പനി ന്യൂമോണിയ, അപസ്മാരം തുടങ്ങിയ മാരകരോഗങ്ങൾക്ക് വഴിമാറും. ഒന്നോ രണ്ടോ ദിവസംകൊണ്ട് ആൾക്ക് മരണം സംഭവിക്കുന്നു എന്നതാണ് ഈ കൊലയുടെ പ്രത്യേകത. ഇതോടെ മക്കൾ ഉദ്ദേശിച്ച കാര്യം സാധ്യമാകുന്നു. മാതാപിതാക്കളെ ഉപേക്ഷിക്കാൻ വൃദ്ധസദനങ്ങൾ തേടി അലയേണ്ട. പണം കൊടുത്ത് ഹോം നഴ്സുമാരെ വെക്കേണ്ടതില്ല. എല്ലാത്തിനുമുപരി പരമ്പരാഗതമായ ആചാരം തുടർന്നുവന്നു എന്ന ആത്മസംതൃപ്തിയും. തമിഴ്നാട് സർക്കാറിന് ഇതറിയാഞ്ഞിട്ടല്ല. പക്ഷേ, ആചാരത്തിൽ തൊട്ടുകളിച്ചാൽ കൈ പൊള്ളുമെന്ന് അവർക്കറിയാം. ഈ അനാചാരത്തെയാണ് മനോഹരമായ ഒരു കുടുംബത്തിലൂടെ വരച്ചുകാണിക്കുന്നത് ചിത്രത്തിൽ.

എം.ആർ. ഗോപകുമാർ, റോഷലിൻ, നിഷാന്ത് സാഗർ, അഞ്ജലി നായർ തുടങ്ങിയവരും തമിഴ്നാട്ടിലെ 25ഓളം ഗ്രാമീണരും ഇതിൽ വേഷമിടുന്നു. ഒമ്പതുവർഷം മുമ്പ് പാലക്കാടുനിന്ന് രാഘവനും ഭാര്യ ജാനകിയും മകൻ രാജേന്ദ്രനുമടങ്ങുന്ന കുടുംബം മധുരയിലെത്തി സ്ഥലം വാങ്ങി താമസിക്കുന്നു. തരിശുനിലം നിറയെ മരം നടുന്ന രാഘവൻ പറമ്പിനെ പച്ചപ്പണിയുക്കുന്നു. എന്നാൽ, മകൻ രാജേന്ദ്രൻ മണ്ണിനെ നശിപ്പിക്കുന്ന കരിങ്കൽ ക്വാറി മുതലാളിയുടെ വലംകൈയാണ്. പരിസരം മുഴുവൻ വിഴുങ്ങിയ ക്വാറി മുതലാളിയുടെ കണ്ണ് പിന്നീട് സഞ്ചരിക്കുന്നത് രാഘവൻെറ ഹരിതഭൂമിയിലേക്കാണ്. സ്ഥലം വിറ്റ് പാലക്കാട്ടെ സഹോദരി താമസിക്കുന്ന നഗരത്തിലേക്ക് തിരിച്ചുപോകാനുള്ള രാജേന്ദ്രൻെറ നിർബന്ധത്തിന് വഴങ്ങാൻ രാഘവനിലെയും ജാനകിയിലെയും പ്രകൃതിസ്നേഹികൾ തയാറല്ല. രാജേന്ദ്രൻ ശ്രമം തുടരുകയാണ്. സ്ഥലത്തിൻെറ ഉടമ ജാനകിയാണെന്ന് തിരിച്ചറിഞ്ഞതിലൂടെ തമിഴ്നാട്ടിലെ തലൈക്കൂത്ത് ജാനകിയിൽ പ്രയോഗിക്കുന്നതിലൂടെയാണ് സിനിമ അവസാനിക്കുന്നത്. രാഘവനായി എം.ആർ. ഗോപകുമാറും ജാനകിയായി റോഷ്‍ലിനനും രാജേന്ദ്രനായി നിഷാന്ത് സാഗറും രാജേന്ദ്രൻെറ ഭാര്യ നളിനിയായി അഞ്ജലി നായരും വേഷമിട്ടു. തമിഴ്നാട്ടിലെ തെങ്കാശി, കുറ്റാലം, അച്ചൻകോവിൽ, പാലക്കാട് എന്നിവിടങ്ങളിലായിരുന്നു ചിത്രീകരണം. പ്രകൃതിയുടെ മനോഹാരിതയും പ്രകൃതിനാശത്തിൻെറ വൈരൂപ്യവും പകർത്താൻ കഴിഞ്ഞതിലൂടെ മധു അമ്പാട്ടും ചിത്രത്തിൻെറ പൂർണതക്ക് പിന്തുണ നൽകി.

പനി, ഇൻററർനാഷനൽ ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ടൊറന്റോ, കാനഡ, യു.കെ സ്റ്റേറ്റ് ടൈം ഫിലിം മേക്കർ സെഷൻ, സെബു ഇൻറർനാഷനൽ ഫിലിം ഫെസ്റ്റിവൽ, ഫിലിപ്പീൻസ്, ഡയോരാമ ഇൻറർനാഷനൽ ഫിലിം ഫെസ്റ്റിവൽ, ഡൽഹി, ഇൻറർ നാഷനൽ ഫിലിം ആൻഡ് വിഡിയോ ഫെസ്റ്റിവൽ, മോസ്കോ തുടങ്ങി നിരവധി അന്താരാഷ്ട്ര മേളകളിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ സംവിധാനത്തിന് ജൂറിയുടെ പ്രത്യേക പരാമർശവും മധു അമ്പാട്ടിന് ജൂറിയുടെ പ്രത്യേക അവാർഡും ലഭിച്ചിരുന്നു.